മാവും പ്ലാവും അവയുടെ മാതൃവൃക്ഷങ്ങളിൽ നിന്നും ജീവൻ പ്രാപിക്കുന്നു. ആട്ടിൻകുട്ടിയും പശുക്കുട്ടിയും തള്ളയാടിൽ നിന്നും തള്ളപ്പശുവിൽ നിന്നും ജനിക്കുന്നു. ആ മാതൃവൃക്ഷങ്ങളുടെയും മാതൃമൃഗങ്ങളുടെയും ആദ്യാരംഭം എവിടെനിന്നു ജീവൻ പ്രാപിച്ചു? എല്ലാറ്റിന്റെയും ആരംഭത്തെപ്പറ്റിയും ബൈബിളിലൂടെ ദൈവമായ യേശുക്രിസ്തു പഠിപ്പിക്കുന്നു.


"ഞാൻ ജീവനാകുന്നു, ഞാൻ വഴിയും സത്യവും ജീവനുമാകുന്നു, ഞാൻ അവയ്ക്ക് സമൃദ്ധമായി ജീവനെയും നിത്യജീവനെയും കൊടുക്കുന്നു". (യോഹ.11;25, 14:6, 10:10, 10:28).




LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2016 ജൂലൈ വാല്യം 1 ലക്കം 7




**ക്രിസ്ത്യൻ അപ്പോളജറ്റിക്സ്**

**രണ്ടാം ഭാഗം**

**ക്രിസ്ത്യൻ ന്യായവാദശാസ്ത്രം**

സത്യക്രിസ്ത്യാനിത്വത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉപദേശം ഏതാണ് ? അഥവാ പുതിയനിയമത്തിലെ സുപ്രധാന ഉപദേശം ഏതാണ് ?

മത്താ. 5:21-ൽ കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകുമെന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. "ഞാനോ നിങ്ങളോട് പറയുന്നത്, സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് 'നിസ്സാരാ' എന്നു പറഞ്ഞാലോ ന്യായാധിപന്മാരുടെ മുമ്പിൽ നിൽക്കേണ്ടി വരും; 'മൂഢാ' എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും".

വിവിധ മന്ത്രിമാർ നയപരമായ തീരുമാനങ്ങൾ ഒക്കെ മീഡിയാക്കാരെ അറിയിച്ചു കഴിയുമ്പോൾ, മുഖ്യമന്ത്രി ചിലപ്പോൾ ആദ്യം പറഞ്ഞവരെ ആരെയും വേദനിപ്പിക്കാതെ ചിലത് കൂട്ടിച്ചേർത്ത് ഒരു പൂർത്തീകരണ ഓർഡർ പോലെ ഇങ്ങനെ പറഞ്ഞു എന്നിരിക്കട്ടെ. വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞത് നിങ്ങൾ കേട്ടല്ലോ. എന്നാൽ ഞാനോ നിങ്ങളോട് പറയുന്നു: ഇന്നു മുതൽ KSRTC ബസ്സുകളിൽ യാത്ര ചെയ്യുന്നവർ കിലോമീറ്ററിന് ഇത്ര പൈസ അധികം നൽകേണ്ടി വരുമെന്ന്.

വകുപ്പുമന്ത്രിയുടെ വാക്കോ ഒരു സ്റ്റേറ്റിൽ ഓർഡർ ആകുന്നത് മുഖ്യമന്ത്രിയുടെ വാക്കോ ? ഒരു സ്കൂളിലോ, കോളേജിലോ അദ്ധ്യാപകർക്കൊക്കെ ഓരോ കാര്യത്തിന് ചില പ്രത്യേക അഭിപ്രായങ്ങൾ കാണും. എന്നാൽ കാര്യങ്ങൾ പഠിച്ചശേഷം ആലോചിച്ചുകൊണ്ട് പ്രിൻസിപ്പലോ, ഹെഡ്മാസ്റ്ററോ ഇങ്ങനെ പറഞ്ഞെന്നിരിക്കും. ഞാനോ നിങ്ങളോടു പറയുന്നു, കുട്ടികളെല്ലാവരും 9.45-നു മുമ്പ്






ക്ലാസ്സുമുറിയിലുണ്ടായിരിക്കണം. കുട്ടികളും രക്ഷിതാക്കളും പ്രധാന അഥോറിറ്റി പറഞ്ഞതല്ലേ പാലിക്കേണ്ടത്? തീർച്ചയായും അതെ.

പുറ.20: 13-ൽ കൊല ചെയ്യരുത് എന്ന് മോശ വഴി (ആവ.5:17) ഇപ്രകാരം പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ എന്നാണ് മത്താ.5:21-ൽ കർത്താവ് പറയുന്നത്. ആ പഴയനിയമ ധാർമ്മിക വചനം ഒരു കല്പന തന്നെയാണ്. കൊല ചെയ്യുന്നത് മഹാപാപം തന്നെയാണ്. എന്നാൽ കോപമാണ് അനേകം കൊലപാതകങ്ങൾക്ക് കാരണം എന്ന് അറിയാവുന്ന കർത്താവ് "സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും" എന്ന് തികച്ചും ആധികാരികമായി പറയുകയാണ്. "സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലോ ന്യായധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും" എന്നും കൂട്ടിച്ചേർത്ത് പറയുകയാണ്.

ഇതും ഇതുപോലെയുള്ള അനേകം തിരുവെഴുത്തുകളും കർത്താവ്, ഞാനോ നിങ്ങളോട് പറയുന്നു എന്ന് പറയുമ്പോൾ, മനുഷ്യജഡത്തിൽ വന്ന ഏക സത്യദൈവമാണ് താൻ എന്ന് പഠിപ്പിക്കുകയായിരുന്നു. ദൈവത്തിന്റെ പേരേതെന്ന ചോദ്യത്തിന് "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നവൻ എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയണം" (പുറ.3:14) എന്നു മോശയോട് പറഞ്ഞ യഹോവ ഉപയോഗിച്ച സ്വന്തം വെളിപ്പാടാണ് ഞാൻ ആകുന്നവൻ (I am that I am) ഞാൻ ആകുന്നു എന്ന വെളിപ്പെടുത്തൽ, യാതൊരു സൃഷ്ടിയോടും ചേർത്ത് പറയാനാവാത്തതായ ദൈവത്തിന്റെ പരമോന്നതവും ദിവ്യവുമായ ഉജ്ജ്വലനാമമാണ് യഹോവ എന്നത്. 6823 തവണ **യഹോവ (Yahweh)** എന്ന പദം ബൈബിളിൽ ആവർത്തിച്ചിട്ടുണ്ട്.

"ഞാൻ ആകുന്നു" എന്ന നാമം തനിക്കുവേണ്ടി യേശു പലവട്ടം ഉപയോഗിച്ചിട്ടുണ്ട്. 2. "ഞാനോ നിങ്ങളോട് പറയുന്നു : "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി" (മത്താ.5: 27). 3. "ഞാനോ നിങ്ങളോട് പറയുന്നത് പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ എല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു" (മത്താ.5:32).4. "ഞാനോ നിങ്ങളോട് പറയുന്നത് : അശ്ശേഷം സത്യം ചെയ്യരുത്. സ്വർഗ്ഗത്തെക്കൊണ്ട് അരുത്, അത് ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ട് അരുത്, അത് അവന്റെ പാദപീഠം" (മത്താ.5:34). 5. മത്താ.5:39- "ഞാനോ നിങ്ങളോട് പറയുന്നു", 6. മത്താ.5:44 "ഞാനോ നിങ്ങളോട് പറയുന്നു", 7. മത്താ.6:3- "ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു", 8. മത്താ.6:5- "ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു", 9. മത്താ.6:16, 10. മത്താ.6:25.

യോഹന്നാൻ 8:24-ൽ യഹൂദ ജനത്തിന്റെ

**ഉള്ളടക്കം**

സത്യദൈവശാസ്ത്രം ****2-15
ലിവർ സിറോസിസ് - പൂർണ്ണസൗഖ്യം **** 14
ശ്വസംമുട്ടൽ രോഗത്തിൽ നിന്നും സൗഖ്യം **** 21
അറ്റുപോയ കൈവിരലുകൾ സുഖപ്പെട്ടു**** 23
വന്ധ്യത മാറ്റി അനുഗ്രഹിച്ചു **** 26
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും**** 16-20
സത്യദൈവശാസ്ത്രം 21-33
കർത്താവ് ക്യാൻസറിനെ ക്യാൻസൽ ചെയ്തു**** 31
വാർത്തകൾ - 34
പ്രോഗ്രാം കലണ്ടർ- 35

മുമ്പിൽവച്ച് "ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. ഞാൻ അങ്ങനെയുള്ളവൻ എന്ന് വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു പറഞ്ഞു" (സത്യവേദപുസ്തകം Bible Society of India). എന്നാൽ P.O.C ബൈബിളിൽ "നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. എന്തെന്നാൽ, ഞാൻ ഞാൻ തന്നെ എന്ന് വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും". N.K.J.V "Therefore I said to you that you will die in your sins; For if you donot belive that I am He, you will die in your sins" (John.8:24)

ഇനി യോഹ.8:28,29 നോക്കാം. ആകയാൽ യേശു, "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നെ അവനെന്നും ഞാൻ സ്വയമായിട്ടൊന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചു തന്നതുപോലെ ഇതനുസരിക്കുന്നു എന്നും അറിയും. എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്; ഞാൻ എല്ലായ്പ്പോഴും അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു". P.O.C ബൈബിളിൽ അതുകൊണ്ട് യേശു പറഞ്ഞു,"നിങ്ങൾമനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ ഞാൻ തന്നെ എന്നും, ഞാൻ സ്വമേധയായി ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. അവിടുന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല. കാരണം ഞാൻ എപ്പോഴും അവിടുത്തേയ്ക്ക് ഇഷ്ടമുള്ളത് പ്രവർത്തിക്കുന്നു". NKJV-യിൽ John 8:28,29 - "Then Jesus said to them: When you lift up the son of Man, Then you will know that Iam he, and that I do nothing of myself, but as my father taught me, I speak these things 29. And "He who sent me is with me. The father has not lift me alone, For I always do those things that please him."

ഇനി യോഹ.8:57,58,59 പരിശോധിക്കാം. യഹൂദന്മാർ അവനോട് : "നിനക്ക് അമ്പത് വയസ്സായിട്ടില്ല. നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചു. യേശു അവരോട് : ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: അബ്രഹാം ജനിച്ചതിനുമുമ്പെ ഞാൻ ഉണ്ട് എന്നു പറഞ്ഞു.




അപ്പോൾ അവർ അവനെ എറിവാൻ കല്ലെടുത്തു. യേശുവോ മറഞ്ഞ് ദേവാലയം വിട്ടുപോയി." ഇതു തന്നെ പി.ഓ.സി ബൈബിളിൽ എങ്ങനെയാണുള്ളതെന്ന് നോക്കാം. "അപ്പോൾ യഹൂദർ പറഞ്ഞു : നിനക്ക് ഇനിയും 50 വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രാഹത്തെ കണ്ടുവെന്നോ ? 58. യേശു പറഞ്ഞു "സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു. അബ്രഹാം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്." 59. അപ്പോൾ അവർ അവനെ എറിവാൻ കല്ലുകളെടുത്തു. എന്നാൽ യേശു അവരിൽ നിന്നു മറഞ്ഞ് ദേവായത്തിൽ നിന്നു പുറത്തുപോയി." NKJV-യിൽ കൂടി നോക്കാം. John.8:57,58 - "Then the jews said to him "you are not yet fifty years old, and have you seen Abraham?" Jesus said to them "Most assuredly I say to you "Before Abhram was "I am" 59. Then they took stones to throw at him; But Jesus hid Himself and went out of the temple, and so passed by.

YHWH or I AM - യാഹ്വെ അഥവാ ഞാൻ ആകുന്നു എന്ന നാമം തനിക്കുവേണ്ടിത്തന്നെ യേശു ഉപയോഗിച്ചത് യഹൂദാജനം കേൾക്കെത്തന്നെയാണ്. യഹോവ എന്ന നാമം മറ്റൊരാൾ ഉപയോഗിക്കുന്നത് യഹൂദർക്ക് അല്പംപോലും സഹിച്ചുകൂടാ. അതുകൊണ്ടാണ് അവർ യേശുവിനെ എറിയുവാൻ കല്ലെടുത്തത്. യെശ.44:6-ൽ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. "ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല." " I am the first and I am the last, Besides me there is no God" (NKJV. Isiah.44:6). യെശയ്യാ 42:8-ലേയ്ക്കെത്താം. "ഞാൻ യഹോവ, അതു തന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല." കത്തോലിക്കാ ബൈബിളിൽ "ഞാനാണ് കർത്താവ്; അതാണ് എന്റെ നാം. എന്റെ മഹത്വം ഞാൻ മറ്റാർക്കും നൽകുകയില്ല; എന്റെ സ്തുതി കൊത്തുവിഗ്രഹങ്ങൾക്ക് വിട്ടുകൊടുക്കുകയുമില്ല". NKJV Isaiah.42:8- " I am the

Lord, that is my name; And my glory I will not give to another, Nor praise to carved images". യെശ.48:11-ൽ "ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും കൊടുക്കുകയില്ല." " And I will not give my Glory to another" (NKJV. 48:11).

ന്യായപ്രമാണത്തിൽ മഹാജ്ഞാനം സമ്പാദിച്ചവരായ യഹൂദന്മാർക്ക് യേശു അവകാശപ്പെട്ട **"ഞാനാകുന്നു"** എന്ന തലക്കുറിയുടെ പരംപൊരുൾ വേഗത്തിൽ മനസ്സിലായി. പുറ.3:14-ൽ പറഞ്ഞതു തന്നെയാണ് യോഹ.4:26-ൽ കാണുന്നതും. "യേശു അവളോട് : "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മ്ശിഹാ" എന്നു പറഞ്ഞു. "Jesus said to her " I who speak to you am He" (NKJV.john.4:26). "യേശു അവളോട് പറഞ്ഞു. "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ."

യോഹന്നാൻ 6:35,36-ലേയ്ക്ക് ചെന്നാലും പഴയനിയമത്തിലെ യഹോവ തന്നെയാണ് പുതിയനിയമത്തിലെ യേശു ക്രിസ്തുവെന്ന് കാണാൻ കഴിയും. "യേശു അവരോട് പറഞ്ഞത് : ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല. എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്ന് ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ."

ഇവിടെയും ഞാനാകുന്നു എന്ന തലക്കുറിയുടെ (YHWH or I am) പൊരുൾ ഉൾക്കൊണ്ടുകൊണ്ട് സംശയമില്ലാതെയാണ് യേശുക്രിസ്തു തനിക്ക് പറയുവാനുള്ളത് പറയുന്നത്.

യോഹന്നാൻ 8:12-ൽ യേശു പറഞ്ഞു "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്ന്". "Then Jesus spoke to them again, saying, " I am the light of the world. He who fallow me shall not walk in darkness, but have the light of life" (NKJV. 8:12. John).

ഇനി യോഹന്നാൻ 10:9-ലേയ്ക്ക് ചെല്ലാം. "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും. അവൻ അകത്തു വരികയും പുറത്തു പോകയും, മേച്ചിൽ കണ്ടെത്തുകയും ചെയ്യും. മോഷ്ടിപ്പാനും അറപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രെ




ഞാൻ വന്നിരിക്കുന്നത്. ഞാൻ നല്ല ഇടയനാകുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു." ഈ വചനങ്ങൾ ഇംഗ്ലീഷിൽ എങ്ങനെയെന്ന് നോക്കാം. "I am the door. If anyone enters by Me; He will be saved, and will go in and out and fund pasture. The thief doesnot come except to steel, and to kill and to destroy. I have come that they may have life, and that they may have it more abundantly. I am the good shepherd. The good shepherd gives His life for the sheep" (NKJV.10:9-11).

യോഹ.11:25-ൽ : യേശു അവളോട്, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും''. ഇംഗ്ലീഷിലാണെങ്കിൽ : Jesus said to her, " I am the resurrection and life. He who believes in Me, thougtht he may die, he shall live" (NKJV.John.11:25).

യോഹന്നാൻ 15-ന്റെ 1 മുതൽ 5 വരെ വാക്യങ്ങളിൽ ''ഞാൻ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും അവൻ നീക്കിക്കളയുന്നു. കായിക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു. എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു". ഇംഗ്ലീഷ് ബൈബിളിൽ "I am the true vine, and my father is the vinedresser. Every branch in me that does not bear fruit. He takes away; and every branch that bears He prunes, that it may bear more fruit. You are already clean because of the word which I have spoken to you. 4. Abide in Me, am in you. As the branch cannot bear fruit of itself, unless it abide in the vine,




neither can you, unless abide in me. 5. I am the vine, you are the branches. He who abides in me, and I in him, bears much fruit; For without Me you can do nothing" (NKJV.John.15:1-5). യോഹ.12:40, 41 വായിക്കാം. "അവർ കണ്ണുകൊണ്ട് കാണുകയോ ഹൃദയംകൊണ്ട് ഗ്രഹിക്കുകയോ മനം തിരിയുകയോ താൻ അവരെ സൗഖ്യമാക്കുകയോ ചെയ്യാതിരിക്കേണ്ടതിന് അവരുടെ കണ്ണ് അവൻ കുരുടാക്കി ഹൃദയം തടിപ്പിച്ചിരിക്കുന്നു". യെശയ്യാവ് അവന്റെ തേജസ്സ് കണ്ട് അവനെക്കുറിച്ച് സംസാരിച്ചുകൊണ്ടാകുന്നു ഇതു പറഞ്ഞത്. ഇനി ഇംഗ്ലീഷ് ബൈബിളിലേയ്ക്ക് പോകാം. " He has blinded their eyes and heardened their hearts, Lest they should see with their hearts and turn, so that I should heal them. These things Isaiah said when he saw His glory and spoke of him" (Is.6:9,10, Matt.13:14, Mark.8:17,18). യോഹ.12:41-ൽ പറഞ്ഞത് കണ്ടില്ലേ അവന്റെ തേജസ്സ് കണ്ടെന്ന്. യെശയ്യാവ് കണ്ടത് ക്രിസ്തുവിന്റെ തേജസ്സ് തന്നെയാണ്. പിതാവിനെയൊ പരിശുദ്ധാത്മാവിനെയൊ കണ്ടുവെന്ന് പറയുന്നതിനേക്കാൾ, കാണാവുന്ന വിധത്തിൽ ജനിച്ച് ജീവിച്ച് മരിച്ച് ഉയിർത്ത് ശരീരത്തോടുകൂടിയവനായിത്തീർന്ന യേശുവിനെ കണ്ടു എന്നു പറയുന്നതാണല്ലോ.

110-ാം സങ്കീ.1-ാം വാക്യത്തിൽ "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക" എന്നു പറഞ്ഞത് ദാവീദാണ്. മത്താ.1:1-ൽ "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി" എന്നു പറയുമ്പോൾ യേശുക്രിസ്തു ദാവീദിന്റെ പുത്രനാണ്. പക്ഷെ ദാവീദ് യേശുവിനെ കർത്താവ് എന്നാണ് വിളിച്ചിരിക്കുന്നത്.

മത്താ.22-ൽ 41 മുതൽ 44 വരെയും പരീശന്മാർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ യേശു അവരോട് : "ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു ? അവൻ ആരുടെ പുത്രൻ ? എന്നു ചോദിച്ചു. ദാവീദിന്റെ പുത്രൻ എന്ന് അവർ മറുപടി പറഞ്ഞു. അവൻ അവരോട് "എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ ? ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലതുഭാഗത്തിരിക്ക എന്നു കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്ന് അവൻ പറയുന്നുവല്ലോ" എന്നു പറഞ്ഞു (മർക്കോ.12:36, ലൂക്കോ.20:42, അപ്പൊ.2:34).

ആദാം മുതലിങ്ങോട്ടുള്ള വംശാവലി നോക്കിയാൽ മനുഷ്യപുത്രൻ എന്ന നിലയിൽ യേശുക്രിസ്തു ദാവീദിന്റെ പാരമ്പര്യത്തിലുള്ള മകനാണെന്ന് കാണാം. എന്നാൽ യേശുക്രിസ്തുവിന്റെ 'ദൈവപുത്രൻ' എന്ന പദവിയോട് ബന്ധപ്പെടുത്തി ചിന്തിച്ചാൽ ദാവീദിന്റെ കർത്താവ് അഥവാ ദൈവം എന്നും കാണാം. കർത്താവ് എന്റെ കർത്താവിനോട് എന്ന് പുതിയനിയമത്തിൽ മേലെഴുതിയ വചനങ്ങളിൽ പറഞ്ഞതിനെയാണ് 110-ാം സങ്കീർത്തനത്തിൽ യഹോവ എന്റെ കർത്താവിനോട് എന്ന് പറഞ്ഞിരിക്കുന്നത്.

യെശ.7:14-ൽ പറഞ്ഞിട്ടുള്ളതും മത്താ.1:22, 23-ൽ പറഞ്ഞിട്ടുള്ളതും നാമൊന്ന് താരതമ്യപ്പെടുത്തിയാൽ "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും" പഴയനിയമം. പുതിയനിയമത്തിലൊ "കന്യക ഗർഭിണി ആയി ഒരു മകനെ പ്രസവിക്കും. അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും". യേശു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതോളം വർഷങ്ങൾക്കുമുമ്പെ യെശയ്യാവിന്റെ പുസ്തകം എഴുതപ്പെട്ടുവെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യെശയ്യാവിലൂടെ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി പ്രവചിച്ചത് തന്നെയാണിത്. ഇമ്മാനുവേൽ എന്ന പദത്തിന്റെ അർത്ഥം 'ദൈവം നമ്മോടുകൂടെ'എന്നാണെങ്കിൽ പുതിയയുഗപ്പിറവിയുമായി (AD) യേശുക്രിസ്തു വരുന്നയിടം വരെ ദൈവം, 'ദൈവസാന്നിധ്യം'എന്നെല്ലാവരും പറയുന്നിടത്തായിരുന്നു അതൊരു ശെക്കെന ആയിരുന്നു. എന്നാൽ യേശു വന്നപ്പോൾ 'നമ്മോട്' കൂടെ 'ദൈവം' ആയിത്തീർന്നു. ദൈവം ഇപ്പോൾ ഒരു സാന്നിധ്യാമാകുമാറ് ഒരു 'Mighty God' -ന്റെ അവസ്ഥയിലല്ല, ഞാനും നിന്നെ വിധിക്കുന്നില്ല;




മേലിൽ പാപം ചെയ്യരുതെന്ന് പറയുന്ന വിധത്തിലൊ, നീ ഇന്ന് എന്റെകൂടെ പറുദീസയിലായിരിക്കും എന്ന് പറയുന്ന വിധത്തിലോ ആണ്.

ഇവിടെ പഴയനിയമ - പുതിയനിയമ രക്ഷയെ അല്പമൊന്ന് താരതമ്യം ചെയ്യേതുണ്ട്. ഭൗതികവും ആത്മീയവുമായ വിടുതലിനെക്കുറിക്കുവാനാണ് രക്ഷയെന്ന പദം പലപ്പോഴും പഴയനിയമത്തിൽ പ്രയോഗിച്ചിട്ടുള്ളത്. ദുഷ്ടന്മാരുടെ കെണികളിൽ നിന്നും രക്ഷിക്കുന്നുവെന്ന് സങ്കീർത്തനങ്ങളിൽ 37:40-ലും 59:2-ലും 106:5-ലും നാം കണ്ടുമുട്ടുന്നു. യഹോവ തന്റെ ആട്ടിൻകൂട്ടത്തെയും (യെഹ.34:22) സ്വന്ത ജനത്തെയും (ഹോശ.1:7) രക്ഷിക്കുന്നുവെന്നും പഴയനിയമം പറയുന്നു. സങ്കീ.34:6-ൽ "ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു" എന്നും നാം വായിക്കുന്നു. സങ്കീ.106:7-10 വരെ കുറിക്കാം. "ഞങ്ങളുടെ പിതാക്കന്മാർ മിസ്രയീമിൽവച്ച് നിന്റെ അത്ഭുതങ്ങളെ ഗ്രഹിക്കാതെയും നിന്റെ മഹാ ദയയെ ഓർക്കാതെയും കടൽക്കരയിൽ, ചെങ്കടൽക്കരയിൽ വച്ചു തന്നെ മത്സരിച്ചു. എന്നിട്ടും അവൻ തന്റെ മഹാശക്തി വെളിപ്പെടുത്തേണ്ടതിന് തന്റെ നാമം നിമിത്തം അവരെ രക്ഷിച്ചു. അവൻ ചെങ്കടലിനെ ശാസിച്ചു. അതു ഉണങ്ങിപ്പോയി; അവൻ അവരെ മരുഭൂമിയിൽ കൂടി എന്നതുപോലെ ആഴിയിൽ കൂടി നടത്തി. അവൻ ശത്രുവിന്റെ കയ്യിൽ നിന്ന് അവരെ രക്ഷിച്ചു. ശത്രുവിന്റെ കയ്യിൽ നിന്ന് അവരെ വീണ്ടെടുത്തു". സങ്കീർത്തനങ്ങളിൽ "രക്ഷ യഹോവയ്ക്കുള്ളതാകുന്നു; നിന്റെ അനുഗ്രഹം നിന്റെ ജനത്തിന്മേൽ വരുമാറാകട്ടെ" (3:8).

എന്നാൽ പുതിയനിയമത്തിലേക്കു വരുമ്പോൾ, പാപത്തിന്റെയും ലോകത്തിന്റെയും പിശാചിന്റെയും ജഡത്തിന്റെയും ബന്ധനത്തിൽ നിന്നുമുള്ള സമ്പൂർണ്ണ വിടുതലാണ് രക്ഷ എന്ന പദം കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അവയെ നൽകുന്നവനെയാണ് രക്ഷകൻ എന്നു പറയുന്നതും. അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറയുന്നു "ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്തമാക്കിയില്ലയോ ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി. യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കൊരി.1:21,22,23). "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നുകൊണ്ട് ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും നമ്മെ വിലയ്ക്കുവാങ്ങി" (ഗലാ.3:13).

കൊലോസ്യ ലേഖനം 2:14,15-ലും "അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി".

ഈ രണ്ട് വചനങ്ങളാൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് മനുഷ്യജീവിതത്തിലെ ഏതെല്ലാം ശാപങ്ങളുണ്ടെന്ന്പഴയനിമയഗ്രന്ഥങ്ങളിൽ കാണുന്നുവോ, ഇതരമതഗ്രന്ഥങ്ങളിൽ കാണുന്നുവോ വിവിധ ആചാരാനുഷ്ഠാനങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യുന്നുവോ (കോഴിവെട്ട് മുതൽ കൂടോത്ര മന്ത്ര വാദം വരെയും കറുത്ത കുർബ്ബാന മുതൽ പിശാചിനെ ആരാധിക്കുന്നതുൾപ്പെടെയും, അച്ചൻകെട്ടും, മറിയകെട്ടും. മുസ്ലീംകെട്ടുവരെയും) അവയുടെ എല്ലാ ദോഷഫലങ്ങളും ക്രിസ്തു ക്രൂശിൽ മരിച്ച് ഉയിർത്തതോടെ മാറി എന്നു വിശ്വസിക്കുന്നവർക്ക് മാറിക്കഴിഞ്ഞു എന്നതാണ്. സമ്പൂർണ്ണ വിടുതൽ എന്നുതന്നെ. ഇതാണ് സത്യമെന്നിരിക്കെ ലോകമതസംസ്ക്കാരങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് യത്നിക്കുന്നവരും പഴയനിയമഗ്രന്ഥത്തിലെ സംഭവങ്ങളെ വിശദമായി പഠിച്ചും പഠിപ്പിച്ചും എത്രയോ വചനപണ്ഡിതന്മാരാണ് കണ്ണടച്ച് ഇരുട്ടാക്കുന്നതെന്ന് ആലോചിക്കേണ്ടതുണ്ട്. അത്തരക്കാർക്ക് നെഞ്ചിൽ കൈവച്ച് പറയാൻ കഴിയുമോ "ഞങ്ങൾ ദൈവവചനത്തിൽ കൂട്ടുചേർക്കുന്ന അനേകരെപ്പോലെയല്ല" എന്ന് (2 കൊരി.2:17).

2 തിമോ.3:5-ൽ "ഭക്തിയുടെ വേഷം ധരിച്ച്

അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും, അങ്ങനെയുള്ളവരെ വിട്ടൊഴിയുക" എന്നുണ്ടല്ലോ. റോമാ ലേഖനം 16-ൽ 17,18 വാക്യങ്ങളിൽ "സഹോദരന്മാരെ, നിങ്ങൾ പഠിച്ച ഉപദേശത്തിനുവിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" എന്ന വചനത്തിൽ പറഞ്ഞത് വ്യത്യസ്ത ക്രിസ്തീയ സഭകളിലെയോ പെന്തക്കോസ്ത് ബ്രദറൺ സഭകളിലെയൊ ശുശ്രൂഷകന്മാരെയും മറ്റു പൗരോഹിത്യമതസംവിധാനങ്ങളിലെ പുരോഹിതന്മാരെയും ഒക്കെ മനസ്സിൽ കരുതിക്കൊണ്ടാണ്. അതായത് ക്രിസ്തുവും അപ്പൊസ്തലന്മാരും എന്തു പ്രബോധനമാണോ നൽകുന്നത്, അതാണ് പത്ഥ്യോപദേശം. അതാണ് നാം സ്വീകരിക്കേണ്ടത്. അല്ലെങ്കിൽ നഷ്ടപ്പെടുന്നത് നമ്മുടെ നിത്യത ആയിരിക്കും.

''ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവന് കുശലം പറയുകയുമരുത്. അവന് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയല്ലോ" എന്ന് (2 യോഹ. 10,11) യോഹന്നാൻ അപ്പൊസ്തലനും പറയുന്നു.

ഗലാത്യലേഖനം 1-ാം അദ്ധ്യായം 6 മുതൽ 9 വരെ വാക്യങ്ങൾ ''ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേയ്ക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അത് വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളയുവാൻ ഇച്ഛിക്കുന്നുവെന്നത്രെ. എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങളാകട്ടെ, സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ, നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ."

അതായത് നാം സ്വീകരിക്കേണ്ടത്, അപ്പൊസ്തലിക ഉപദേശങ്ങളാണ്. യഥാർത്ഥ സഭ അപ്പൊസ്തലിക ഉപദേശങ്ങൾ കുത്തിനിറച്ചതും പരിശുദ്ധാത്മാവിനാൽ മനുഷ്യരുടെ ഉൾത്തടം നിറയ്ക്കുന്നതുമായിരിക്കും. അങ്ങനെയുള്ള സഭാ മക്കളെ കൊണ്ടുപോകാനാണ് യേശുവിന്റെ രണ്ടാം വരവ്.

1. പുതിയനിയമത്തിൽ നിറഞ്ഞുനിൽക്കുന്നതും




പഴയനിയമത്തിൽ അവിടവിടെയായി പരാമർശിക്കപ്പെട്ടുള്ളതുമായ ദൈവമാണ് യേശുക്രിസ്തു.

2. ക്രിസ്തു വഴി പരിശുദ്ധാത്മാവു നൽകുന്ന കൃപയല്ലാതെ, വ്യത്യസ്തമായ ഒരു യേശുവിനെയൊ വ്യത്യസ്തമായ ഒരു കൃപയെയൊ ആവശ്യമില്ല.

3. ക്രിസ്തുവഴി ക്രിസ്തു (ദൈവം) ആവിഷ്ക്കരിക്കുന്ന രക്ഷാവഴിയല്ലാതെ മറ്റൊരു വഴിയില്ല.


4. ക്രിസ്തുവല്ലാതെ ക്രിസ്തുവിൽ നിന്നും വ്യത്യസ്തമായ ഒരു ദൈവത്തെ ആർക്കും ആവശ്യമില്ല.

5. ക്രിസ്തു ആവിഷ്ക്കരിച്ചതല്ലാതെ ദൈവസ്നേഹത്തിന്റെ വ്യത്യസ്തമായ ഒരു ചിത്രമേയില്ല.

അപ്പൊസ്തലപ്രവർത്തനങ്ങൾ 4:12-ൽ "മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല".

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെയിടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യം പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവഭക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവയില്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു" (1 പത്രോ.1:3-5).

മരണത്തിൽ നിന്നുപോലും നമ്മെ രക്ഷിച്ചിരിക്കുന്നു. "ഞാനൊരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽനാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത്




അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യതയെയും ധരിക്കണം. അങ്ങനെ ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്ന് എഴുതിയ വചനം നിവൃത്തിയാകും. "ഹേ, മരണമെ നിന്റെ ജയം എവിടെ ? ഹേ, മരണമെ നിന്റെ വിഷമുള്ള് എവിടെ" ? (1 കൊരി.15:51-55, ഹോശ.13:14)

മരണഭയത്തിൽ നിന്നുമാത്രമല്ല മരണത്തിൽ നിന്നും ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നു. ന്യായവിധിയിൽ നിന്നും ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നു : "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുകയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (എബ്രാ.9:27,28).

ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തു രക്ഷകനായി AD യുടെ ആദ്യനാളുകളിൽ രംഗപ്രവേശം ചെയ്തതോടെ (ക്രിസ്തുവിന്റെ ജനനം BC 4-ലാണെന്നു നിഗമനം) രക്ഷയുടെ സ്വഭാവം തന്നെ അടിതൊട്ട് മുടിവരെ മുഴുവനായും മാറി, പാപത്തിൽ നിന്നും അതിന്റെ അനന്തരഫലങ്ങളിൽ നിന്നും പൂർണ്ണമായി വിമോചിതമായി നിത്യതയോളം എത്തുന്നു. ക്രിസ്തുവിൽ സകല ആത്മീയ അനുഗ്രഹങ്ങളും നിറഞ്ഞുനിൽക്കുകയും വിശ്വാസത്തോടെ ചോദിക്കുന്നവർക്കൊക്കെ അവ നൽകുകയും ചെയ്യുന്നു. "സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനുമുമ്പെ നമ്മെ അവനിൽ തിരെഞ്ഞെടുക്കുകയും ക്രിസ്തുവിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ'' (എഫേ.1:3,4,5,6).

**പഴയനിയമവീണ്ടെടുപ്പും പുതിയനിയമവീണ്ടെടുപ്പും**

യഹോവ യിസ്രയേല്യരെ മിസ്രയീമിൽ നിന്ന് മോചിപ്പിച്ചു. അത് അവരുടെ വീണ്ടെടുപ്പാണ്. "ഞാൻ യഹോവ ആകുന്നു; ഞാൻ നിങ്ങളെ മിസ്രയീമ്യരുടെ ഊഴിയ വേലയിൽ നിന്ന് ഉദ്ധരിച്ച് അവരുടെ അടിമത്തത്തിൽ നിന്ന് നിങ്ങളെ വിടുവിക്കും" (പുറ.6:6). സങ്കീ. 78:35-ൽ ''ദൈവം തങ്ങളുടെ പാറ എന്നും അത്യുന്നതനായ ദൈവം തങ്ങളുടെ വീണ്ടെടുപ്പുകാരനെന്നും അവർ ഓർക്കും". യെശ.43:3-ൽ "നിന്റെ ദൈവവും യിസ്രയേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു."

പാപത്തോട് ചേർത്ത് വീണ്ടെടുപ്പ് പഴയനിമയത്തിൽ വളരെ അപൂർവ്വമായിട്ടേ ഉള്ളൂ. എന്നാൽ പുതിയനിമയത്തിലേക്കു വരുമ്പോൾ യോഹ.8:34-ൽ "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു : പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസൻ ആകുന്നു; ദാസൻഎന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു". റോമർ 6:17-ലും "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായിത്തീർന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം". മനുഷ്യൻ പാപത്തിന്റെ ദാസൻ ആണെന്ന് പൗലൊസും പറയുകയാണിവിടെ. റോമ.7:14,15-ൽ പൗലൊസ് അപ്പൊസത്ലൻ ''ഞാനോ ജഡമയൻ; പാപത്തിന് ദാസനായി വിൽക്കപ്പെട്ടവൻ തന്നെ. ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല. ഞാൻ ഇച്ഛിക്കുന്നതിനെയല്ല, പകയ്ക്കുന്നതിനെയാണ് ചെയ്യുന്നത്."

പാപം നിമിത്തം മാനവസമൂഹം മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട (റോമ.6:23) ദുരന്തത്തിന് ഒരു പരിഹാരം തേടിയിരിക്കുമ്പോഴാണ്, വീണ്ടെടുപ്പ് നല്കുവാൻ യേശുക്രിസ്തുവായി, വചനം മാംസം ധരിച്ച് യഹോവയായ




ദൈവം കടന്നുവരുന്നത്. എബ്രാ.2:14,15 വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോട് കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" ക്രിസ്തുവിന്റെ മരണത്താൽ നാം വീണ്ടെടുക്കപ്പെട്ടു. പഴയനിയമത്തിലെ വിടുതൽ എന്നു പറയുന്നത് എന്തായിരുന്നു ഏതു വിധത്തിലായിരുന്നു എന്നു നാം ഹ്രസ്വമായി കണ്ടെത്തിയശേഷം പുതിയനിയമത്തിലെ ക്രിസ്തുവിലൂടെ ഉണ്ടായ വിടുതലും വീണ്ടെടുപ്പും സമ്പൂർണ്ണമായിരുന്നുവെന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. 1 പത്രൊ.1-ൽ 18,19 വചനങ്ങൾ കൂടി കുറിയ്ക്കാം.''വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത്, പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ".

അതായത് തന്റെ ക്രൂശിതമരണം യേശുവിൽ സംഭവിക്കുന്നത് നമ്മുടെ നിത്യതക്ക് മാത്രം ആയിരുന്നു. എങ്കിൽ നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുവിനെ നാം വചനാധിഷ്ഠിതമായി അറിയേണ്ടതുപോലെ അറിയുകയാണെങ്കിൽ, ആരാധിക്കേണ്ടതുപോലെ അവനെ ആരാധിക്കുവാൻ കഴിയും; പ്രസംഗിക്കേണ്ടതുപോലെ അവനെ പ്രസംഗിക്കുവാൻ കഴിയും. പിതാവു-പുത്ര-പരിശുദ്ധാത്മാവ് എന്ന ദൈവീകത്രിത്വം എന്ന മർമ്മവും പുതിയനിമയത്തിൽ യേശുക്രിസ്തു പറഞ്ഞതും അപ്പൊസ്തലന്മാർ പറഞ്ഞിട്ടുള്ളതിന്റെ മർമ്മവും അറിയുക എന്നത് ഏറ്റവും വലിയ വെളിപ്പാടാണ്. ഈ വെളിപ്പാട് ലഭിക്കാതിരിക്കാൻ പിശാച് വലിയ വലിയ ബൈബിൾ പണ്ഡിതന്മാരെപ്പോലും കുരുടാക്കിയിരിക്കുകയാണ് (2 കൊരി.4:4). ചില പണ്ഡിതന്മാർക്കീ വെളിപാട് കിട്ടിയാലും അവർ ഇപ്പോഴായിരിക്കുന്ന കോൺഗ്രിഗേഷനോടുള്ള കടപ്പാടോ, ഭയമോ നിമിത്തം അവർ പുതിയനിയമ പഥ്യോപദേശങ്ങളുടെ കൂടെ പഴയനിയമാശയങ്ങളേക്കൂടി കുത്തിചെലുത്തിയില്ലെങ്കിൽ മഹാ കുഴപ്പം ആണെന്നു കരുതുന്നു. അതും ഒരു സാത്താന്യ സംഭവം ആണ്.

പഴയനിമയത്തിലെ യഹോവ എന്ന നാമം പുതിയനിയമരേഖകളിൽ യേശുവിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നു. പഴയനിയമത്തിലെ യഹോവയുടെ സകല പ്രവൃത്തികളും, പുതിയനിയമത്തിലെ യേശുക്രിസ്തുവിൽ നാം കണ്ടുമുട്ടുന്നു. യെശയ്യാവ് 9-ാം അദ്ധ്യായം 6-ാം വാക്യം വായിച്ചറിയാൻ ശ്രമിക്കാം. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും." ഈ തിരുവെഴുത്തിൽ പറയുന്ന വീരനാം ദൈവം (Mighty God) യഹോവ മാത്രമാണെന്ന് കരുതി വച്ചവർ യേശുക്രിസ്തുവും വീരനാം ദൈവം തന്നെയാണെന്നും അവൻ നിത്യപിതാവു തന്നെയാണെന്നും മനസ്സിലാകുമ്പോൾ ഉണ്ടാകുന്ന പരമാനന്ദത്തെയാണ് സായൂജ്യം എന്നൊക്കെ പറയേണ്ടത്. ആ അത്ഭുത ശിശു, മകനും പുത്രനുമെന്നു മാത്രം വിളിക്കപ്പെട്ടാൽ മാത്രം പോരാ. നിത്യപിതാവ് എന്നും വിളിക്കപ്പെടണം.

അരിയൂസിന്റെ പിൻഗാമികളായ യഹോവാ സാക്ഷികളും ഇസ്ലാം മതചിന്തകന്മാരും ചോദിക്കാറുണ്ട്, ദൈവപുത്രനെന്നും മനുഷ്യപുത്രനെന്നും അല്ലേ യേശുവിനെ വിളിക്കുന്നത്. അപ്പോൾ പിന്നെ എങ്ങനെയാണ് യേശു ദൈവമാകുന്നതെന്ന് ?

യോഹന്നാൻ 14-ൽ 8 മുതൽ 11 വരെയുള്ള വചനം കുറിക്കാം. ''ഫിലിപ്പോസ് അവനോട് : കർത്താവെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം, എന്നാൽ ഞങ്ങൾക്കതു മതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞത് : ഞാൻ ഇത്ര കാലം നിങ്ങളോടുകൂടിയിരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ പീലിപ്പോസെ ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്ന് നീ പറയുന്നതെങ്ങനെ ? ഞാൻ പിതാവിലും പിതാവ്




എന്നിലുമാകുന്നുവെന്ന് നീ വിശ്വസിക്കുന്നില്ലയോ ? ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത് : പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു. പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു നീ വിശ്വസിപ്പിൻ''. ഈ തിരുവചനങ്ങളെ ശ്രദ്ധവെച്ചു പഠിക്കാൻ പരിശുദ്ധാത്മാവു നിങ്ങളെ സഹായിച്ചാൽ ക്രിസ്തുവിനെ നിങ്ങൾ സമ്പൂർണ്ണ ദൈവമായി തന്നെ കരുതുമെന്നു മാത്രമല്ല പഴയനിയമഗ്രന്ഥങ്ങളിലെ കാവ്യസൂക്തങ്ങളുൾപ്പെടെ സകലതുമല്ല നാം പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും എന്നും ക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ചതാണിന്നാവശ്യമെന്നും നമുക്ക് മനസ്സിലാകും. അതാണ് പഥ്യോപദേശം. യോഹന്നാൻ 5-ാം അദ്ധ്യായത്തിലെ ചില തിരുവചനങ്ങൾ ഉദ്ധരിക്കാം. 17- "യഹൂദന്മാർ അവനെ ഉപദ്രവിച്ചു. യേശു അവരോട് : എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നുവെന്ന് ഉത്തരം പറഞ്ഞു" 21- "പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രൻ താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു". 22- "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും സ്വയം ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു".

ഹെബ്രാ.2-ൽ 11-15 വരെ വചനങ്ങൾ കൂടി കണ്ടെത്താം. ''വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം ഒരുവനല്ലോ പിതാവ്. അതു ഹേതുവായി അവൻ അവരെ സഹോദരന്മാർ എന്ന് വിളിക്കാൻ ലജ്ജിക്കാതെ ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരങ്ങളോട് കീർത്തിക്കും, സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും എന്നും ഞാൻ അവരിൽ ആശ്രയിക്കുമെന്നും ഇതാ ഞാനും ദൈവം എനിക്കു തന്ന മക്കളും എന്നു പറയുന്നു. മക്കൾ ജഡരക്തങ്ങളോടുകൂടിയവരാകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു'' (ഹെബ്രാ.10:10, അപ്പൊ.17:26, മത്താ.28:10, യോഹ.10:36, സങ്കീ.22:22, 22:3, യെശ.8:17,18, യോഹ.1:14, കൊളോ.2:15, 2 തിമോ.1:10, 1 കൊരി.9:10, 1 തി.6:16, ലൂക്ക.1:74).

താൻ പിതാവാണെന്ന കാര്യം യേശുക്രിസ്തു എബ്രാ.2-ലെവചനങ്ങളിലൂടെ സ്ഥിരീകരിക്കുകയായിരുന്നു. പിതാവിന്റെ എല്ലാ യോഗ്യതകളും തനിക്കുണ്ടെന്ന് സമർത്ഥിച്ചു. പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിച്ചേ പറ്റൂ. തന്നെ വിശ്വസിക്കുന്നവരെല്ലാവരും അവിടുത്തെ മക്കളാണ്. അതുകൊണ്ടുതന്നെ താനും ആ മക്കളെ മക്കളാക്കിയ പിതാവാണ്.

യഹോവ എന്ന പദം ''സ്വയംഭൂ'' എന്ന അർത്ഥമാണുൾക്കൊള്ളുന്നത്. യോഹ.8:56-ൽ "നിങ്ങളുടെ പിതാവായ അബ്രഹാം തന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു എന്നുത്തരം പറഞ്ഞു. യഹൂദന്മാർ അവനോട് നിനക്ക് അമ്പത് വയസ്സായിട്ടില്ല; നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോട് ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനുമുമ്പെ ഞാനുണ്ട് എന്നു പറഞ്ഞു. അപ്പോൾ അവർ അവനെ എറിയുവാൻ കല്ലെടുത്തു; യേശുവോ മറഞ്ഞ് ദേവാലയം വിട്ടുപോയി" (ലൂക്ക.10:24, മത്താ.13:17, എബ്രാ.11:13, മിഖാ.5:2, യോഹ.17:5, എബ്രാ.7:3, വെളി.22:13, പുറ.3:14, യെശ.43:13).

യേശുക്രിസ്തു സ്വയമായി ദൈവത്വം അവകാശപ്പെടുകതന്നെയാണ് അബ്രഹാം ജനിച്ചതിനുമുമ്പെ <u>ഞാൻ</u> ഉണ്ട് എന്നു പറഞ്ഞതിലൂടെ. ഞാൻ ഉണ്ട് (I am) എന്ന പ്രയോഗം യാഹേ അഥവാ <u>ഞാൻ</u> ആകുന്നു എന്ന നാമം യേശുക്രിസ്തു തനിക്കുവേണ്ടി ഉപയോഗിച്ചതാണ്. ( ഈ വിഷയം ഈ ലേഖനത്തിൽ വീണ്ടും ആവർത്തിച്ചെഴുതിയതാണ്)

<u>**പുതിയനിയമത്തിൽ**</u>

<u>സ്രഷ്ടാവ്</u>

1. യോഹ.1:3-ൽ "സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെക്കൂടാതെ




ഉളവായതല്ല". 2. കൊളൊ.1:15,16 – "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർതൃത്വങ്ങളാകട്ടെ, വാഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു".

**പഴയനിമയത്തിൽ**

യെശ.40:28 – "യഹോവ, നിത്യദൈവം, ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല; തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രെ". "ആദിയിൽ ദൈവംആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ.1:1).

**പുതിയനിയമം**

രക്ഷിതാവ്

1. യോഹ.4:42–ൽ : "ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്; ഞങ്ങൾ തന്നെ കേൾക്കുകയും അവൻ സാക്ഷാൽ രക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നുവെന്ന് സ്ത്രീയോട് പറഞ്ഞു".

**പഴയനിയമം**

യെശ.45:22–"സകല ഭൂസീമാനിവാസികളുമായുള്ളോരെ, എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവവുമില്ലല്ലോ എന്നാണ്". യെശ.43:11,12 – "ഞാൻ, ഞാൻ തന്നെ ഞാനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങളുടെയിടയിൽ ഒരന്യദേവനല്ല ; ഞാൻ തന്നെ പ്രസ്താവിക്കുകയും രക്ഷിക്കുകയും കേൾപ്പിക്കുകയും ചെയ്തത്; അതുകൊണ്ട് നിങ്ങൾ എന്റെ സാക്ഷികൾ എന്ന് യഹോവയുടെ അരുളപ്പാട്."

**മരിച്ചവരെ ഉയിർപ്പിക്കൽ : പുതിയ നിയമത്തിൽ.**

യോഹന്നാൻ 5:21, 22 – "പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു". 23. "പുത്രനെ ബഹുമാനിക്കാത്തവർ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല". 24. "ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. **എന്റെ** വചനം കേട്ട് **എന്നെ അയച്ചവനെ** വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു".

**പഴയനിയമത്തിൽ.** 1 ശമുവേൽ 2:6–ൽ "യഹോവ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു. പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നു".

**ന്യായാധിപതി** : പുതിയനിയമത്തിൽ. മത്തായി 25:31 – "മനുഷ്യപുത്രൻ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും."

**പഴയനിയമത്തിൽ** യോവേൽ 3:12 – "ജാതികൾ ഉണർന്ന് യഹോശാഫാത്ത് താഴവരയിലേക്ക് പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകല ജാതികളെയും ന്യായം വിധിക്കേണ്ടതിന് ഇരിക്കും".

**വെളിച്ചം** : പുതിയനിയമത്തിൽ. യോഹ.8:12–ൽ യേശു പിന്നെയും അവരോട് സംസാരിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും".

**പഴയനിയമത്തിൽ.** യെശയ്യാവ് 60:19, 20 – "ഇനി പകൽ നേരത്ത് നിന്റെ വളിച്ചം സൂര്യനല്ല; നിനക്ക് നിലാവെട്ടം തരുന്നത് ചന്ദ്രനുമല്ല; യഹോവ നിനക്ക് നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു."

**ഞാൻ ആകുന്നു: (I am) പുതിയനിയമത്തിൽ** യോഹ.8:58. യോഹ.18:56 – "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു : അബ്രഹാം ജനിച്ചതിന് മുമ്പേ, ഞാൻ ഉണ്ട് എന്ന് പറഞ്ഞു". യോഹ.18:56. "നസ്രായനായ യേശുവിനെ എന്ന് അവർ ഉത്തരം പറഞ്ഞപ്പോൾ അത് ഞാൻ തന്നെ എന്ന് യേശു പറഞ്ഞു. അവനെ കാണിച്ചുകൊടുക്കുന്ന യൂദായും അവരോടു കൂടെ നിന്നിരുന്നു. ഞാൻ തന്നെ എന്ന് അവരോട് പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു".

**ആദ്യനും അന്ത്യനും.** പുതിയനിയമം വെളി.1:17;2:8 – "ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലംകൈ എന്റെ മേൽ വെച്ചു. ഭയപ്പെടേണ്ടാ ഞാൻ

ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു". 2:8 – സ്മുർണായിലെ സഭയുടെ ദൂതന് എഴുതുക : മരിച്ചവനായിരുന്നു വീണ്ടും ജീവിക്കുകയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നത് :

**പഴയനിയമം.** യെശ.44: 6 – യിസ്രായേലിന്റെ രാജാവായ യഹോവ അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു : "ഞാൻ ആദ്യനും അന്ത്യനുമാകുന്നു : ഞാനല്ലാതെ ഒരു ദൈവവുമില്ല."

**പാറ:** പുതിയനിയമം. 1 കൊരി. 10:4 – "എല്ലാവരും ഒരേ ആത്മീകാഹാരം തിന്ന് എല്ലാവരും ഒരേ ആത്മീയപാനീയം കുടിച്ച്, അവരെ അനുഗമിച്ച ആത്മിക പാറയിൽ നിന്നല്ലൊ അവർ കുടിച്ചത്. ആ പാറ ക്രിസ്തു ആയിരുന്നു".

**പഴയനിയമം** : സങ്കീ.18:2 – "യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും".

**മണവാളൻ or മണവാട്ടി: പുതിയനിയമം.** വെളി.21:2, മത്താ.25:1 പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയേപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്ന് തന്നെ ഇറങ്ങുന്നത് ഞാൻ കണ്ടു. മത്താ.25:1 – സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുകൊണ്ട് പുറപ്പെട്ട പത്ത് കന്യകമാരോട് സദൃശമാകും.

**പഴയനിയമം.** യെശ. 6:2–5, ഹോശ.2:16 – "മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും. ഹോശ.2:16 – അന്നാളിൽ നീ എന്നെ ഉടയവനേ (ബാലീ) ഭർത്താവേ (ഈശീ) എന്ന് വിളിക്കും"

**പാപവിമോചകൻ. പുതിയനിയമം.** മർക്കോ.2:7,10 – "ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ"? 2:10 – എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന് അവൻ പക്ഷവാതക്കാരനോട് : എഴുന്നേറ്റ് കിടക്കയെടുത്ത് വീട്ടിലേക്ക് പോക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നു പറഞ്ഞു.

**പഴയനിയമം.** യിര.31:34. "ഞാൻ അവരുടെ അകൃത്യം മോചിക്കും. അവരുടെ പാപം ഇനി ഓർക്കയും ഇല്ല".

**ഇടയൻ. പുതിയനിയമം.** യോഹ.10:11 – "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു".




**പഴയനിയമം.** സങ്കീ.23:1 – "യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാവുകയില്ല".

**അനന്യത്വം (Immutability) പുതിയനിയമത്തിൽ** : എബ്രായർ 13:8–ൽ "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യൻ തന്നെ".

**പഴയനിയമത്തിൽ.** മലാഖി.3:6–ൽ "യഹോവയായ ഞാൻ മാറാത്തവൻ"

**ജീവൻ** പുതിയനിയമത്തിൽ യോഹ.14:6–ൽ യേശു അവനോട്: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു". 1 യോഹ. 5:11,12 – ആ സാക്ഷ്യമോ ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട്. (പുതിയനിയമത്തിൽ തന്നെ പിതാവിൽ ജീവൻ ഉണ്ട് എന്നുണ്ടല്ലോ)

**സർവ്വശക്തി Omnipotence** വെളി.1:8 – "ഞാൻ ആൽഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു".

**പഴയനിയമം.** ഉല്പ.17:1 "ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു".

**സർവ്വജ്ഞത്വം (Omniscience) പുതിയനിയമം.** യോഹ.2:24,25 "യേശു എല്ലാവരെയും അറികകൊണ്ട് തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേൽപ്പിച്ചില്ല. മനുഷ്യനിലുള്ളത് എന്ത് എന്ന് സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്ക് മനുഷ്യനേക്കുറിച്ച് യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല".

**പഴയനിയമം.** യെശ.46:10 – "ആരംഭത്തിൽ തന്നെ അവസാനവും പൂർവ്വകാലത്തു തന്നെ മേലിൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു."

**ദൈവത്തോട് സമൻ:** മർക്കോസ് 2–ാമദ്ധ്യായത്തിൽ 5–ാം വാക്യത്തിൽ "യേശു അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട് : മകനെ, നിന്റെ പാപങ്ങൾ ക്ഷമിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. ഇതു കേട്ട് ശാസ്ത്രിമാർ ഇവൻ പറയുന്നത് ദൈവദൂഷണം എന്നു വിധിച്ചു. ദൈവം




ഒരുവൻ അല്ലാതെ പാപങ്ങളെ മോചിക്കുവാൻ കഴിയുന്നവൻ ആർ" ? എന്ന് (2:7) അവർ ചിന്തിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. യേശു അവരുടെ ചിന്ത ആത്മാവിൽ അറിഞ്ഞ് പക്ഷവാതക്കാരനോട് നിന്റെ പാപങ്ങൾ ക്ഷമിച്ചുതന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേററ് കിടക്ക എടുത്ത് നടക്ക എന്നു പറയുന്നതോ ഏതാകുന്നു എളുപ്പം ? (മർക്കോ.2:9) ഇവിടെ നാം മൂന്ന് സുപ്രധാന സത്യങ്ങൾ അറിയുന്നു.

1. ശാസ്ത്രിമാർ ഹൃദയത്തിൽ വിചാരിച്ചത് യേശുക്രിസ്തു അറിഞ്ഞു, ദൈവത്തിനല്ലേ മറ്റുള്ളവരുടെ മനസ്സിലിരുപ്പ് മനസ്സിലാവുകയുള്ളു.

2. രോഗിയായിരുന്ന ആ മനുഷ്യൻ ചികിത്സയൊന്നും കൂടാതെ സുഖപ്പെട്ടത് ദൈവത്തിന്റെ പരിശുദ്ധ സാന്നിധ്യം അഥവാ ദൈവവചനംകൊണ്ടല്ലേ ?

3. പാപങ്ങളെ മോചിച്ചുകൊടുത്തതും യേശു ദൈവമായതുകൊണ്ടല്ലേ ? ഈ അധികാരങ്ങളെല്ലാം ദൈവത്തിനു മാത്രമുള്ളതാണ്.

"ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ" എന്ന് യോഹ.14:1-ൽ യേശു പറഞ്ഞപ്പോൾ പിതാവിനും തനിക്കും ഒരേ സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കുന്നു. യോഹ.5:21-ൽ "പിതാവ് മരിച്ചവരെ ഉയിർപ്പിച്ചതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു" എന്നു പറയുമ്പോഴും പിതാവിനുള്ള സ്ഥാനം തനിക്കും ഉണ്ടെന്ന് പറയുകകൂടിയാണ്.

ലൂക്കോ.24:27- 44 കുറിക്കാം. "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. അവർ പോകുന്ന ഗ്രാമത്തോട് അടുത്തപ്പോൾ അവൻ മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചു. അവരൊ ഞങ്ങളോടുകൂടി പാർക്കുക; നേരം വൈകി അസ്തമിക്കാറായല്ലോ എന്നു പറഞ്ഞ് അവനെ നിർബ്ബന്ധിച്ചു; അവൻ അവരോടുകൂടി പാർപ്പാൻ ചെന്നു. അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ, അവൻ അപ്പമെടുത്ത് ......................." പിന്നെ അവൻ അവരോട്: "ഇതാകുന്നു നിങ്ങളോടുകൂടി ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നേക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവർത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു (45). തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു" (ലൂക്കോ.24:2945). പുതിയനിയമം മിശിഹായെപ്പറ്റി കൂടുതൽ പ്രവചിച്ചിട്ടുണ്ട്. ഇതു പറയുമ്പോൾ തന്റെ ദൈവത്വം കൂടി ക്രിസ്തു ഉറപ്പിക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. അതുപോലെ തന്നെ മത്താ.26-ൽ മഹാപുരോഹിതന്റെമുമ്പിൽവച്ച് പറഞ്ഞ ഉത്തരം പരിശോധിക്കാം. "എന്നാൽ



എന്റെ പേര് മുരുകൻ. ഞാൻ തിരുപ്പൂർ ആണ്. എനിക്ക് ലിവർ സിറോസിസ് എന്ന അസുഖമായിരുന്നു. കൊടിയ മദ്യാപനത്തിനുമുടമയായിരുന്നു ഞാൻ. രോഗം മൂർഛിച്ച് ആയുസ്സ് തീർന്നുവെന്ന് കരുതിയിരിക്കുമ്പോഴാണ് കോട്ടയത്തു വെച്ച് ദേവസ്യാ മുല്ലക്കരസാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കുവാൻ ദൈവം കൃപ നൽകിയത്.

അത്ഭുതമെന്നു പറയട്ടെ ഞാൻ പരിപൂർണ്ണസൗഖ്യം പ്രാപിച്ചു. എന്നിരുന്നാലും എന്റെ പഴയമനുഷ്യൻ എന്നെ ബീഡിവലിയും മറ്റും ഉപേക്ഷിക്കുവാൻ സമ്മതിച്ചില്ല. കരുണയുള്ള ദൈവം എന്റെമേൽ അൾസർ രോഗത്തെ അയച്ചു. എനിക്കു മനസ്സിലായി എന്നെ സ്നേഹിക്കുന്ന ദൈവം എന്നെ തിരുത്തുവാൻ ആഗ്രഹിക്കുന്നുവെന്ന്. ഞാൻ ബീഡിവലി ഉപേക്ഷിച്ച് പ്രാർത്ഥനാജീവിതത്തിലേയ്ക്ക് തിരിയുവാൻ, വീണ്ടുംജനനം പ്രാപിക്കുവാൻ വേണ്ടുന്ന വിശുദ്ധജീവിതം നയിക്കുവാൻ ഇപ്പോൾ കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

**മുരുകൻ,**

**തിരുപ്പൂർ**

**Ph:9655650879**

ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്ക് എങ്ങനെ നിവർത്തി വരും എന്നു പറഞ്ഞു" (26:54). ഈ ഉത്തരം മൂലം യേശു സംശയത്തിന്റെ വിടവുകൾ ഒക്കെ അടയ്ക്കുകയായിരുന്നു.

**ആരാധന:** പഴയനിയമം യഥാർത്ഥ ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കുവാൻ അനുവദിക്കുകയില്ല. പുറ.20-ൽ 4-ാം വാക്യത്തിൽ ആ സത്യം പറയുന്നു. "ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലുമുള്ള യാതൊന്നിന്റെയും പ്രതിമയും അരുത്". ആവർത്തനപുസ്തകം 5-ൽ 6 മുതൽ 9 വരെ വാക്യങ്ങൾ കുറിക്കാം. "അടിമവീടായ മിസ്രയീം ദേശത്തു നിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്. വിഗ്രഹമുണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ അരുത്".

വേദപുസ്തകം പഠിപ്പിക്കുന്നതനുസരിച്ചുവേണം ആരാധന. "പുരുഷന്മാരെ നിങ്ങൾ ചെയ്യുന്നതെന്ത്? ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യരത്രെ; നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിലേക്ക് തിരിയേണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു" (അപ്പൊ.14:15) എന്നു പറഞ്ഞുകൊണ്ട് അപ്പൊസ്തലൻ മനുഷ്യരുടെ ആരാധനയും വണക്കവും നിഷേധിക്കുന്നു. പക്ഷെ മരിച്ചുപോയ മനുഷ്യരെ മാർപാപ്പാമാർ പിന്നീട് വിശുദ്ധരായി പ്രഖ്യാപിച്ച് മനുഷ്യരുടെ ബഹുമാനവും പണവും സമ്പാദിപ്പിക്കുന്ന പൈശാചിക ആരാധന ലോകത്തിൽ നടക്കുന്നു. ഇതു നിലനിർത്തുന്നതിൽ പാത്രിയാർക്കീസുമാരും ഒട്ടും പിന്നിലല്ല. ദൂതന്റെ കാൽക്കീഴിൽ വീണ് നമസ്ക്കരിച്ചപ്പോൾ അത് അരുത്; ഞാൻ നിന്റെയും സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്ക്കരിക്ക" (വെളി.22:9). എന്നു പറഞ്ഞുകൊണ്ട് ദൂതൻ പോലും ആരാധന നിരസിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടതെന്തെന്നാൽ ആരാധന സ്വീകരിക്കേണ്ടവൻ പരിശുദ്ധനായ ദൈവം




മാത്രമായിരിക്കണമെന്നാണ്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ആ യോഗ്യതയുണ്ട്. അഥവാ ത്രീയേക ദൈവത്തിന് മാത്രമെ ആരാധനക്ക് യോഗ്യതയുള്ളു. പുത്രൻ ആരാധനയ്ക്ക് നൂറുശതമാനവും യോഗ്യനാണ്. അവനിൽ പിതാവുണ്ട്, പരിശുദ്ധാത്മാവും ഉണ്ട്. ത്രീയേക ദൈവത്തിന്റെ കാണപ്പെട്ട രൂപവും ഭാവവുമാണ് ക്രിസ്തുവിൽ ഉള്ളത്.

മത്താ.4:10-ൽ "സാത്താനേ, എന്നെവിട്ട് പോ. നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ" എന്ന് കർത്താവ് പറയുമ്പോൾ ഞാൻ ആരാധനയ്ക്ക് യോഗ്യനാണ്, തന്നെയാണാരാധിക്കേണ്ടത് എന്ന് അവിടുന്ന് തീർത്തു പറയുകയായിരുന്നു. അപ്പൊ.10:25-ൽ പത്രോസ് അകത്തുകയറിയപ്പോൾ കൊർണേല്യയോസ് എതിരേറ്റ് അവന്റെ കാല്ക്കൽ വീണ് നമസ്ക്കരിച്ചു. പത്രോസൊ, എഴുന്നേൽക്ക, ഞാനും ഒരു മനുഷ്യനത്രെ എന്നു പറഞ്ഞു. ഇവിടെയും ആരാധന ദൈവത്തിനു മാത്രമുള്ളതാണന്ന് തെളിയുകയാണ്.

അപ്പൊസ്തലപ്രവർത്തനങ്ങൾ 12-ൽ ഹേറോദേസ് ജനത്തിന്റെ ആരാധന സ്വീകരിച്ചപ്പോൾ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു (23). അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു. ഇവിടെയെല്ലാം നാം കാണുന്നത് ആരാധനയും സ്തുതിയും സ്തോത്രവും വണക്കവും എല്ലാമെല്ലാം ദൈവത്തിനുള്ളതാണെന്നാണ്; ദൈവത്തിനുമാത്രമാണെന്നുള്ളതാണ്.

ഇനി പറയാൻ പോകുന്നത് യേശുക്രിസ്തു ആരാധന സ്വീകരിക്കുന്ന കാര്യങ്ങളാണ്. അവൻ ദൈവമായതുകൊണ്ടാണ് ആരാധന സ്വീകരിച്ചത് എന്നാണ്. ദൈവമല്ലാതിരിക്കെ ദൈവമാണെന്ന് നടിക്കുകയാണെങ്കിൽ അടിച്ചിടാൻ ദൂതനുമുണ്ട്; മാത്രമല്ല. ലോകത്തിലെ ഏറ്റവും വലിയ ദുരുപദേശവും ആകുമായിരുന്നു അവ. മത്തായിയുടെ സുവിശേഷത്തിൽ തന്നെ 7 തവണ യേശുക്രിസ്തുവിന് ആരാധന ലഭിക്കുന്നുണ്ട്. ഒരു തവണയും യേശു അത്

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ.തോമസ്**
Ph:9495787779
**മീനങ്ങാടി**
**ഹൗസ് ഓഫ് ഹോപ്പ്**
**ബസ്സ് സ്റ്റാന്റിന് എതിർവശം**

**കല്ലുപാടി**
സാജൻ ഭവനം വെള്ളി 6 pm to 9 pm
Ph: 9447263310



**പാ.ജോർജ്ജ് കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപ്പള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഒഫള്ളി-കർണ്ണാടക
**പാടിച്ചിറ** വീനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)





Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച്(Opp.പഴയബസ്സ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)

## കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, *2nd floor* ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**വടകര**
കോൺവന്റ് റോഡ്
വിജയ ഹോട്ടലിനു മുകളിൽ
ആരാധനയും,പ്രാർത്ഥനയും
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പേരാമ്പ്ര**

സാഗർ ഓഡിറ്റോറിയം,
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം

ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)

## തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

## മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**

വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm
(ആരാധന)

## എറണാകുളം ജില്ല







**പാ:സുരേഷ്** Mob:9388487301
**പാ.ദീപു** Mob:9745971555
**പാ.ബിനു** Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്,
മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)
**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം).
ഞായർ 10.00 am - 1 pm
(ആരാധന)
വ്യാഴം: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടി.എം. ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8am -10pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm
**പെരുമ്പടപ്പ്** വിൻസന്റ് ഭവനം
ഞായർ 4 pm - 6.30 pm (ആരാധന)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



പാ:സി.വി. ജോസ്കുട്ടി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)

---



പാ. ബിജു
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to 1pm (ആരാധന)
ബുധൻ (പ്രാർത്ഥന)

---



പാ. ബിനോജ്
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ. ബിജു
Ph: 9447116820
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ്റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

---

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ, ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.

---



പാ.കെ.സി. ദേവസ്യാ(ദാസ്)
Ph:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm), 4-ാം ഞായർ (12.30pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm

സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm

**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം 10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാംബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന,3-ാം ബുധൻ ശാന്തഭവനം3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം4.30pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം,4-ാം ശനി മനോജ് ഭവനം 5.30 pm

---



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)





നിഷേധിക്കുന്നില്ല. സുഖപ്പെട്ട കുഷ്ഠരോഗി (8:2), ഒരു പ്രമാണി (9:18), പടകിലിരുന്നവർ കാണുന്നു ക്രിസ്തു കടലിനെ ശാന്തമാക്കുന്നത്, അപ്പോൾ അവർ (മത്താ.14:33), കനാന്യസ്ത്രീ (മത്താ.15:25), സെബദിപുത്രന്മാരുടെ അമ്മ (20:20), സകല ജാതികളെയും ശിഷ്യരാക്കാൻ പ്രത്യേക നിയോഗം ലഭിച്ചവർ (മത്താ.28:17), ഉയിർത്തവനെ കണ്ട സ്ത്രീകൾ (28:9).

ഇനി മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവ പരിശോധിച്ചാലും യേശുവിന് പലരും ആരാധന കൊടുക്കുന്നതും അവൻ അതേറ്റ് വാങ്ങുന്നതും കാണാം. തോമസ് പറഞ്ഞതും "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവെ" എന്നാണ് യോഹ.20:28-ൽ.

എബ്രാ.1:8-ൽ പിതാവായ ദൈവം പുത്രനെ ദൈവം എന്നു വിളിക്കുന്നു. 1 യോഹ.5:20-ൽ യേശുവിനെ സത്യദൈവം എന്നും തീത്തോസ് 2:12-ൽ പൗലോസ് മഹാദൈവം എന്നും വിളിക്കുന്നു. 'വചനം ദൈവമാകുന്നു' എന്ന് യോഹ.1:1. എബ്രാ.1:10-12 വരെ വചനങ്ങളിൽ സർവ്വവും സൃഷ്ടിച്ച ദൈവം എന്നും വെളി.1:8-ൽ സർവ്വശക്തിയുള്ള ദൈവമായ കർത്താവ്എന്നും സാക്ഷാൽ യേശുക്രിസ്തുവിനെ വിളിച്ചിരിക്കുന്നു. ഈ സത്യദൈവത്തിൽ പ്രകൃത്യാതീതവും ദൈവദത്തവും ആയ വിശ്വാസം നമുക്കുണ്ടായിരിക്കണം.

യേശു ദൈവമാണെന്ന് തെളിയുമ്പോൾ പിതാവ് ദൈവമാണെന്ന



ജനിച്ച് 6 മാസം കഴിഞ്ഞപ്പോൾ മുതൽ ആരംഭിച്ച ശ്വാസംമുട്ടൽ രോഗത്തിൽ നിന്നും ഇന്നും ജീവിക്കുന്ന ദൈവം ദേവസ്യാമുല്ലക്കരസാറിന്റെ പ്രാർത്ഥനയാൽ സൗഖ്യം തന്നു. ധാരാളമായ ചികിത്സകൾക്കും മരുന്നുകൾക്കും കഴിയാത്തതിനെ, ദൈവം സാധ്യമാക്കിത്തന്നുകൊണ്ട് അവിടുത്തെ സ്നേഹം എന്റെമേൽ വെളിപ്പെടുത്തിയതിനാൽ ഞാനങ്ങയെ മഹത്വപ്പെടുത്തുന്നു. നന്ദി പറയുന്നു.

**മോസസ്**

**ഏലൂർ Ph :9633196735**


Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കേണ്ട വിലാസം:



Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph:04985-213999

e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

സത്യം ആരും വിസ്മരിക്കുകയില്ലല്ലോ (യോഹ.14:1, എബ്രാ.11:6).

യേശു ദൈവമാണെന്ന് തെളിയുമ്പോൾ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിന് യാതൊരു കോട്ടവും സംഭവിക്കുകയുമില്ല (കൊലോ.2:12).

പിതാവിനെ ദൈവമായി കാണുകയും യേശുവിനെ പുത്രനായി മാത്രം കാണുകയും ചെയ്യുന്നത് ദുരുപദേശമാണ്. ത്രീയേക ദൈവത്തെ ദൈവമായി കാണാത്തത് ദുരുപദേശമാണ്. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ അംഗീകരിക്കാത്തതും ദുരുപദേശമാണ്. പുതിയനിയമത്തിലെ പഥ്യോപദേശങ്ങളെ മറികടന്നുകൊണ്ട് പഴയനിയമസംഭവങ്ങളെ അമിത പ്രാധാന്യത്തോടെ പഠിച്ച് പഠിപ്പിച്ച് ദൈവജനത്തെ പഴയനിയമത്തിന്റെയും യഹോവയുടെയും അടിമകളാക്കുന്നതും ദുരുപദേശമാണ്. പുത്രനെ മാത്രം പ്രൊജക്ട് ചെയ്ത് യഹോവയുടെ പ്രാഭവത്തെ കുറച്ചു കാണുന്നതും സത്യാത്മാവിന്റെ കൃപാവരങ്ങളെയും നയിക്കലുകളെയും വില കുറച്ച് കാണുന്നതും ദുരുപദേശമാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർക്കോ അമ്മയ്ക്കോ വളർത്തുപിതാവിനൊ ഏതെങ്കിലും സഭാനേതാക്കന്മാർക്കോ മരണാനന്തരബഹുമാനമോ വണക്കമോ കൊടുക്കുന്നതും ദുരുപദേശപരമാണ്.




യേശുക്രിസ്തുവിന്റെ കല്പനകളുടെ ആധികാരികതകൾ നാം കണക്കിലെടുക്കണം. "ഞാനോ നിങ്ങളോട്" പറയുന്നുവെന്ന് പഴയനിയമകല്പനകൾ ഉദ്ധരിച്ചുകൊണ്ട് കർത്താവ് മത്തായി 5-ൽ 21, 28 എന്ന് തുടങ്ങി പല പ്രാവശ്യം പറയുന്നുവല്ലോ. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പിരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കികൊൾവിൻ" (മത്താ.28:19,20). മത്താ.5:17,18-ൽ കർത്താവ് തികച്ചും ആധികാരികമായി പറയുകയാണ്: "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ






നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞുപോവുകയില്ല”.

പഴയനിമയ വചനങ്ങളും ദൈവവചനങ്ങൾ തന്നെയെന്ന് തെളിയിക്കുകയാണ് യേശു. യോഹന്നാൻ 12-ലെ 47,48 വചനങ്ങൾ: ‘‘എന്റെ വചനം കേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല, ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിക്കാനത്രെ ഞാൻ വന്നിരിക്കുന്നത്. എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും”

പുതിയനിയമം രക്ഷയ്ക്ക് മതിയായതാണ്. “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല” എന്ന് അപ്പൊ.4:12-ൽ പറയുന്നതിന് സ്പഷ്ടമായ അർത്ഥമാണുള്ളത്. ക്രിസ്തുവും അപ്പൊസ്തലന്മാരും കൂടി രക്ഷയ്ക്കാവശ്യമായതൊക്കെ പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും പുതിയനിമയത്തിൽ.

റോമാ.1:16-ൽ സുവിശേഷത്തെ പ്രതി എനിക്കു ലജ്ജയില്ലെന്ന് പറഞ്ഞിരിക്കുന്നത് പഴയനിയമംകൂടി ചേർത്തുകൊണ്ടായിരുന്നുവെങ്കിൽ ബൈബിളിനെപ്രതി എന്നർത്ഥം വരുന്ന പ്രയോഗം സുവിശേഷത്തിനു പകരം ഉപയോഗിക്കുമായിരുന്നു. സുവിശേഷം, വിശ്വസിക്കുന്ന ഏവർക്കും രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവെന്ന് റോമ.1:16-ൽ തന്നെ പഠിപ്പിച്ചിരിക്കുന്നു. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായിട്ടും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നുവെന്ന് 17-ാം വാക്യം. ഈ ഉപദേശം പഥ്യോപദേശമാണ്. ഈ പഥ്യോപദേശം പറയുവാൻ വേണ്ടി അപ്പൊസ്തലനായ പൗലോസ് “നീതിമാൻ വിശ്വാസത്താൽ ജീവിക്കും” എന്ന പഴയനിയമ കല്പിത വചനം നല്ല ബോധ്യത്തോടെ ഉദ്ധരിച്ചിരിക്കുന്നു. ഉല്പ.15:6-ലും ഹബ.2:4-ലും എഴുതിയിരിക്കുന്ന നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന തിരുവെഴുത്ത് ഗലാ.3:11-ലും എബ്രാ.10:38-ലും അപ്പൊസ്തലൻ ആവർത്തിച്ചിട്ടുണ്ട്. മാനസാന്തരപ്പെടുവിൻ എന്ന തിരുസന്ദേശവും വീണ്ടുംജനിക്കണം എന്ന തിരുസന്ദേശവും (മർക്കോ.1:15, യോഹ.3:3,5) പുതിയനിയമത്തിലെ പഥ്യോപദേശങ്ങൾ തന്നെയാണ്. മാനസാന്തരവും വീണ്ടുംജനനവും തരുന്നതും ക്രിസ്തുവിന്റെ ആത്മാവാണ്, അഥവാ പരിശുദ്ധാത്മാവാണ്. വിശ്വാസവും പരിശുദ്ധാത്മാവു തരുന്ന കൃപയാണ്. ലോകോൽപ്പത്തി മുതൽ പലതരം സൈദ്ധാന്തികരും അവർ ആവിഷ്ക്കരിക്കുന്ന സിദ്ധാന്തങ്ങളും ഉണ്ടായിട്ടണ്ട്. ത്രിത്വത്തിലും, യേശുക്രിസ്തു വഴിയുള്ള രക്ഷയിലും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സിദ്ധാന്തമാവിഷ്ക്കരിക്കുന്നവർ നിത്യതയിലെത്തും. അല്ലാത്തവരെല്ലാം കാലപ്രവാഹത്തിൽ ചെറിയ ഓളങ്ങൾ

---



ഞാൻ കുര്യാക്കോസ്. അമയന്നൂരിൽ താമസിക്കുന്നു. 2016 ജനുവരി 23-ന് വലതുകയ്യിലെ ചൂണ്ടുവിരലും അതിനോടു ചേർന്ന വിരലും കട്ടർകൊണ്ട് മുറിഞ്ഞ് അറ്റുപോയതുപോലത്തെ അവസ്ഥയിൽ ആശുപത്രിയിൽ ചെന്നപ്പോൾ പ്ലാസ്റ്ററിട്ടു. ശരിയാകുമെന്ന് യാതൊരുഉറപ്പുമില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് 2016 ഏപ്രിലിൽ കോട്ടയം കെ.പി.സ് മേനോൻ ഹാളിൽ വെച്ച് സാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കാൻ സാധിച്ചത്. പരിശുദ്ധാത്മാവിനാൽ സാറിന് ലഭിച്ച പ്രവചനം പ്രകാരം അപ്പോൾതന്നെ പ്രാസ്റ്റർ അഴിച്ചുകളഞ്ഞു. കൈവിരലുകൾ കൈപ്പത്തിയിൽ പറ്റിച്ചേരുവാൻ തുടങ്ങി. എനിക്കുവേണ്ടി അത്ഭുതം ചെയ്ത കർത്താവിനെ ഞാൻ സ്തുതിക്കുന്നു, ആരാധിക്കുന്നു.

**കുര്യാക്കോസ്, ഉപ്പുമാക്കൽ, അമയന്നൂർ, PH :94460755842**

സൃഷ്ടിച്ചിട്ട് അപ്രത്യക്ഷരാകും. പക്ഷെ ബൈബിളും അതിലെ പഥ്യവചനങ്ങളും (ക്രിസ്തു ആവിഷ്ക്കരിച്ചതും, അപ്പൊസ്തലന്മാർ പ്രസിദ്ധീകരിച്ചതും, ആദിമസഭയിൽ നടപ്പാക്കിയതും, ആദിമസഭാകാലത്തെ സഭാപിതാക്കന്മാരിൽ ബഹുഭൂരിക്ഷവും തത്വത്തിൽ അംഗീകരിച്ചതും, പ്രത്യേകിച്ച്, പഴയനിയമപ്രവചനങ്ങളിലൂടെവെളിപ്പെട്ടതും, പുതിയനിയമസംഭവങ്ങളുടെനിഴലായി പഴയനിയമത്തിലുടനീളംകാണപ്പെടുന്നതുമായ സത്യവചനമാണ് പഥ്യവചനം). ഇത് ഒരിക്കലും തകരുകയില്ല.

**ബൈബിളിലെ സത്യവിശ്വാസമാർഗ്ഗത്തിനെതിരായ സിദ്ധാന്തങ്ങൾ**

**1. എബിയോന്യർ:** ക്രിസ്തുവിന്റെ ദൈവത്വവും കന്യകാജനനവും ഇവർ നിഷേധിക്കുന്നു.

**2.ജ്ഞാനവാദികൾ:** ക്രിസ്തുവിന്റെ ജഢധാരണത്തെ എതിർക്കുന്നു. ഭൗതികശരീരം തിന്മയാണെന്നവർ വിശ്വസിക്കുന്നതുകൊണ്ടാണ്.

**3. ഏകാധിപത്യവാദം:** സമസ്ത പ്രമാണത്തിന്റെയും ഏകപ്രമാണം ഏകദൈവമാണ്. (ത്രിത്വം അല്ല)

**4. ശാക്തിക ഏകാധിപത്യവാദം:** ക്രിസ്തുവിന്റെ ദൈവത്വത്തെ ബലി കഴിക്കുന്നു.

**5. മൂർത്തിവാദപര ഏകാധിപത്യവാദം:** പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ താൽക്കാലിക രൂപങ്ങൾ അഥവാ മൂർത്തികളാണ്. പിതാവ് തന്നെ പുത്രനായി ജഡം ധരിച്ചതുകൊണ്ട് പുത്രൻ പീഡിപ്പിക്കപ്പെട്ടപ്പോൾ പിതാവ് പീഡിപ്പിക്കപ്പെട്ടു.

**6. നാസ്തികവാദം:** ദൈവം ഇല്ല എന്ന വാദം

**7. അജ്ഞതാവാദം:** ഇമ്മാനുവേൽ കാന്റ് പറയുന്നത് ദൈവത്തെക്കുറിച്ച് മനുഷ്യന്റെ അറിവ് പരിമിതമാണ്. അതുകൊണ്ട് പാഴ്‌വേല ആവശ്യമില്ല എന്നാണ്.

**8. അറിയേന്യർ:** യേശുക്രിസ്തുവിന്റ സമ്പൂർണ്ണ ദൈവത്വത്തെ അലക്സാന്ത്രിയായിലെ അറിയൂസ് (40:250:336) എന്ന ദുരുപദേശകൻ എതിർക്കുന്നു. ഏകദൈവം തന്റെ സാരാംശത്തെ മറ്റൊന്നിലേക്കും വ്യാപിപ്പിക്കുകയില്ല എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. പിതാവിന്റെ ഇഷ്ടമനുസരിച്ച് പുത്രനുണ്ടായി. പുത്രൻ അനാദിയല്ല സത്തയിലും നിത്യത്വത്തിലും ക്രിസ്തു ദൈവത്തിന് സമനുമല്ല.




**9. യേശുനാമക്കാർ:** ഇവർ ദൈവിക ത്രിത്വത്തിലല്ല, അവർക്ക് യേശു തന്നെയാണ് പിതാവും പരിശുദ്ധാത്മാവും; പിതാവിനും പരിശുദ്ധാത്മാവിനും ആളത്തമില്ല.

**10. പരിണാമവാദം:** പ്രകൃതിതന്നെ എല്ലാ ഉത്ഭവത്തിനും കാരണമാകും. നിലനിൽപ്പിനും കാരണം പ്രകൃതി തന്നെ. ഡാർവിന്റെ ഈ വാദത്തിൽ സൃഷ്ടിയേയുള്ളു. സ്രഷ്ടാവില്ല.

**11. ബഹുദൈവവാദികൾ:** വസ്തുക്കളെയും ജീവജാലങ്ങളെയും ഇക്കൂട്ടർ ആരാധിക്കുന്നു.

**12. പ്രപഞ്ചദേവതാവാദികൾ:** പ്രപഞ്ചമല്ലാതെ വേറൊരു ദൈവമില്ല.

**13. ഇസ്ലാം സിദ്ധാന്തം:** ത്രീയേകദൈവത്തെ മൂന്ന് ദൈവമെന്ന് നബി തെറ്റിദ്ധരിച്ചു. മറ്റൊന്ന് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു പറയുന്നതിനുപകരം പിതാവ്, പുത്രൻ, കന്യകാമറിയം എന്നാണ് നബി കരുതിയത്. സൂറത്ത്.4:171, 5:75, 5:116 എന്നീ വചനങ്ങളെയാണ് ദുരുപദേശമായി എഴുതിയത്. കൂടാതെ ക്രിസ്തു ക്രൂശിതമരണം വഹിച്ച് ഉയിർത്തെഴുന്നേറ്റു എന്നതിനെയൊക്കെ അവർ എതിർക്കുന്നു.

**14. ദൈവനിസ്സംഗതാവാദം:** ദൈവം ഉണ്ട്, പക്ഷെ അത് പ്രഞ്ചത്തിൽ നിന്നും വളരെ അകലെയാണ്. പലേഗിയർ സിദ്ധാന്തവും അർമേനിയൻ സിദ്ധാന്തവും ദൈവനിസ്സംഗതാ വാദത്തിന്റെ കൂടപ്പിറപ്പുകളാണ്. യേശുക്രിസ്തുവിന്റെ ദൈവത്വനിഷേധമാണ് ഇവരുടെ ലക്ഷ്യം.

**കൾട്ടുകൾ**

1. യഹോവാസാക്ഷികൾ 2. ശാബത്തുകാർ 3. റ്റി.പി.യം 4. മോർമോൺസുകാർ. 5. ടൊറാന്റൊ പ്രസ്ഥാനം. 6. ഗുപ്തവിശ്വാസികൾ. 7. ക്രൈസ്തവകൾട്ടുകളും അക്രൈസ്തവകൾട്ടുകളും 8. ത്രിത്വത്തെ നിഷേധിച്ച് പിതാവിനെ ഉയർത്തുന്നവർ, പുത്രനെമാത്രം ഉയർത്തുന്നവർ, പരിശുദ്ധാത്മാവിനെ ഉയർത്തുന്നവർ,

പഴയനിയമത്തെ ഉയർത്തുന്നവർ, പുതിയനിയമത്തെ ഉയർത്തുന്നവർ.

**അടിസ്ഥാനസത്യങ്ങൾ**

1. ബൈബിൾ ദൈവീക അരുളപ്പാടുകളുടെ സമ്പൂർണ്ണസമാഹാരവും പരിശുദ്ധാത്മ നിശ്വസിതഗ്രന്ഥവും ആണ്. പുതിയനിയമം എന്ന പൊരുളിന്റെ നിഴലായി പഴയനിയമത്തിലെ ബഹുവിധ യാഗങ്ങളും മറ്റും നിൽക്കുന്നുവെങ്കിലും യഹോവ തന്നെ ത്രീയേകദൈവത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. പഴയനിയമ പ്രവാചകശബ്ദങ്ങളും പ്രവൃത്തികളും വചനങ്ങളും ദൈവീകം തന്നെ. പുത്രൻ വഴിയും പരിശുദ്ധാത്മാവ് വഴിയും രക്ഷയൊരുക്കിയിരിക്കുന്നത് യഹോവ തന്നെയാണ്. ത്രിത്വം അഥവാ ത്രീയേകദൈവം എന്നത് വചനാധിഷ്ഠിത സത്യമാണ്; വിശ്വാസസത്യമാണ്.

2. കൃപയാലാണ്, വിശ്വാസം വഴി രക്ഷ കരഗതമാകുന്നത്.

3. ക്രിസ്തുവിന്റെ ക്രൂശിതമരണം, ഉത്ഥാനം, വീണ്ടുംവരവ്, പരിശുദ്ധാത്മപ്രേഷണം, ന്യായവിധി, സഹസ്രാബ്ദയുഗം എന്നിവയെല്ലാം വളരെ പ്രധാനപ്പെട്ട ഉപദേശങ്ങളാണ്.

4. പാപമോചനമെന്ന വൻ ആനുകൂല്യം ക്രിസ്തുവിന്റെ ക്രൂശിതമരണത്തിലൂടെ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്നു. പക്ഷെ യഥാർത്ഥ വിശ്വാസി സമ്പൂർണ്ണ മാനസാന്തരം പ്രാപിച്ച് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം; വീണ്ടുംജനനം പ്രാപിക്കുകയും വേണം.

5. സകല പൈശാചികശക്തികളും ഭയശാപങ്ങളും രോഗദു:ഖങ്ങളും ക്രിസ്തു വിശ്വാസികൾക്ക് സമ്പൂർണ്ണമായി മാറിക്കിട്ടുക തന്നെ ചെയ്യും.

6. ഈ സത്യസുവിശേഷം മറ്റുള്ളവരോട് പറഞ്ഞ് സാക്ഷ്യജീവിതം അവരെ കാണിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ച് അനേകം ആത്മാക്കളെ നേടുവാൻ കഴിയണം. ഉണ്ടെങ്കിൽ പ്രവചനവരമൊ രോഗശാന്തിവരമൊ സേവനവരമൊ ഒക്കെ ഉപയോഗിച്ചുകൊണ്ട് ആത്മാക്കളെ നേടണം.

7. പാപം, ലോകം, മതാചാരാനുഷ്ഠാനങ്ങൾ, സാത്താൻ, ജഡികാസക്തികൾ, ദുർമ്മോഹങ്ങൾ, സമ്പത്ത് വാരിക്കൂട്ടൽ എന്നു തുടങ്ങിയവയിൽ നിന്നും നാം വിശുദ്ധിയും വേർപാടും എടുത്തിരിക്കണം. നല്ല വ്യക്തിജീവിതവും കുടുംബജീവിതവും അത്യാവശ്യമാണ്.

8. സഭയോട് ചേർന്നു, പരിശുദ്ധാത്മാവിൽ നിറഞ്ഞ്




ജീവിക്കുകയും ശുശ്രൂഷാജീവിതം നയിക്കുകയും വേണം. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുക തന്നെ വേണം; അല്ലാതെ മത ശൈലിയിലും ബുദ്ധികൊണ്ടും കടമ നിർവ്വഹിക്കുന്നതുപോലെയും ഒന്നുമല്ല നാം ആരാധിക്കേണ്ടത്. ആത്മീയഗീതങ്ങൾ പഠിച്ച് അർത്ഥമറിഞ്ഞ് കൂട്ടായ്മയോട് ചേർന്ന് പാടുന്നതും ബൈബിൾ സ്റ്റഡിയും അത്യാവശ്യമാണ്.

9. വിശ്വാസവും വിശുദ്ധിയും കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല. മാത്രമല്ല, ത്യാഗോജ്ജ്വലമായ മനുഷ്യസ്നേഹവും (ശത്രുസ്നേഹം) നമുക്ക് അത്യാവശ്യമാണ്, എല്ലാം മറക്കാനും പൊറുക്കാനും പറ്റുന്ന വിധത്തിൽഎല്ലാവരോടും പെരുമാറണം, വചനാധിഷ്ഠിതമായ ഒരാദ്ധ്യാത്മികജീവിതം തന്നെ അനിവാര്യം.

10. ആത്മീയ വ്യക്തികൾ തമ്മിൽ തമ്മിൽ അകലുവാൻ ആവശ്യമായതൊക്കെയും (വേലവയ്ക്കൽ) സാത്താൻ ചെയ്തുകൊണ്ടിരിക്കും. ദൈവം വെളിപ്പെടുത്തുന്നതാണെന്ന് തോന്നിപ്പിക്കുമാറ് പിശാച് തെറ്റായ ആശയങ്ങളും ദർശനങ്ങളും പ്രവചനങ്ങളും വ്യക്തികൾക്കും കൂട്ടായ്മകൾക്കും കൊടുത്തെന്നിരിക്കും. ബൈബിൾ സ്റ്റഡിയുള്ള ആത്മീയരിൽ ഒത്തിരിപ്പേരെ, പഴയനിയമത്തോടു കൂടുതൽ അടുപ്പത്തിലൂടെയൊ പുതിയനിയമത്തോടു കൂടുതൽ അടുപ്പത്തിലൂടെയൊ (അപ്പോൾ അടുപ്പം കുറഞ്ഞതിനോട് എതിർപ്പുണ്ടാവുക സ്വഭാവികം) കൊണ്ടുപോവാൻ സാത്താൻ ഇടവരുത്തും. സഭയിൽ ശിഥിലീകരണം, കുടുംബത്തിൽ ശിഥിലീകരണം-ഇവയൊക്കെ സാത്താൻ ചെയ്തെന്നിരിക്കും. ശക്തമായ വചനാധിഷ്ഠിത വിശ്വാസവും ഹൃദയംകൊണ്ട് ഒറ്റയ്ക്കും, അധരംകൊണ്ടും ഹൃദയംകൊണ്ടും കൂട്ടായ്മയിലും, ഇടതടവില്ലാതെ പ്രാർത്ഥിച്ചുമാണ് സാത്താനെയും പാപത്തെയും ലോകമോഹങ്ങളെയും പരാജയപ്പെടുത്തി ക്രിസ്തുവിനോട് ഐക്യപ്പെടുക.




11. മേലെഴുതിയ പത്ത് കാര്യങ്ങളും, ഇനിയെഴുതണമെങ്കിൽ എഴുതുവാനുള്ള പതിനായിരം കാര്യങ്ങളും, ഒന്നിച്ചു ചേർത്ത് അപ്പൊസ്തലനായ പൗലോസ് എഴുതിയ എഫേസ്യലേഖനം 1–ാം അദ്ധ്യായത്തിലെ 9 മുതൽ 14 വരെ വചനങ്ങൾ കുറിക്കാം– അതിലെല്ലാമുണ്ട്. "അവനിൽ താൻ മുൻ നിർണ്ണയിച്ച, തന്റെ പ്രസാദത്തിനൊത്തവണ്ണം, തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും "ക്രിസ്തുവിലൊന്നായി ചേർക്ക" എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായിക്കൊണ്ടുതന്നെ. അവനിൽ നാം അവകാശവും പ്രാപിച്ച് തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം ആദ്യം തന്നെ മുൻകൂട്ടി "ക്രിസ്തുവിൽ ആശവച്ചവരായ" ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കാകേണ്ടതിനു തന്നെ. "അവനിൽ" നിങ്ങൾക്കും നിങ്ങളുടെ രക്ഷയേക്കുറിച്ചുള്ള **സുവിശേഷം എന്ന സത്യവചനം** നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് **നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ** മുദ്രയിട്ടിരിക്കുന്നു".

**അടിസ്ഥാനത്തോടൊപ്പം കെട്ടുപണിയും**

ആദിമസഭ ഉപദേശങ്ങളെ പൊന്നുപോലെ കാത്തുസംരക്ഷിച്ചിരുന്നു. അക്കാലത്താണ് മേൽ എഴുതിയ വിധത്തിലുള്ള പാഷണ്ഡതകൾ ഒത്തിരി പൊട്ടിമുളച്ചത് (അരിയൂസ്മതവും മറ്റും). ഈ കാലഘട്ടത്തിലാണ് സാത്താൻ സേവയും കറുത്ത കുർബ്ബാനയുമൊക്കെ ഉണ്ടായത്. സമൃദ്ധിയുടെ ദൈവശാസ്ത്രവും വിശ്വാസവചന പ്രസ്ഥാനവും ഇക്കാലഘട്ടത്തിന്റെ ഉൽപ്പന്നങ്ങളാണ്. ടൊറാന്റോ ബ്ലസ്സിംഗും ശാപമഴിക്കൽ ശുശ്രൂഷയും ഈ കാലഘട്ടത്തിലാണ് ഉടലെടുത്തത്. യുകെയിലും യുഎസ്സിലും ആരംഭിച്ച്, ബാംഗ്ലൂരിലൂടെ ഭാരതമൊട്ടാകെ ഇവ പടർന്നു പന്തലിച്ചിട്ടുണ്ട്. ഊതിവീഴ്ത്തലും തെറ്റായ ആത്മവിവശതയും കേരളമങ്ങോളമിങ്ങോളം പ്രത്യേകിച്ച് കൊച്ചി, തൃശ്ശൂർ, കോട്ടയം, അടൂർ, തിരുവല്ല, കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിൽ വിഷക്കാറ്റുപോലെ ആഞ്ഞുവീശുന്നുണ്ട്. ടൊറാന്റോ ബ്ലസ്സിംഗിൽ പെട്ടതാണ് വിശുദ്ധചിരിയും വിശുദ്ധകുരയും വിശുദ്ധമൂളലും. "ഇതാ ഇവിടെ വരൂ, ഇന്നു നിനക്ക് അനുഗ്രഹവും അത്ഭുതവിടുതലും" എന്നു പറഞ്ഞുകൊണ്ടുള്ള ടിവിശുശ്രൂഷകളും പതിനായിരങ്ങളെ ആകർഷിച്ചുവരുത്തി വമ്പൻ സ്തോത്രക്കാഴ്ചകളെ ലക്ഷ്യം വെച്ച്, ചിലർക്ക് ജോലി, തയ്യൽമെഷീൻ, വീട്, വിവാഹ സഹായം എന്നിവ നൽകുന്ന ചിത്രങ്ങൾ



ഞാൻ ജസ്ന. എറണാകുളം ജില്ലയിൽ പറവൂർ താമസിക്കുന്നു. എന്റെ യേശു എനിക്കായി ചെയ്ത വലിയൊരനുഗ്രഹത്തെ ഞാനിവിടെയെഴുതട്ടെ. വിവാഹം കഴിഞ്ഞ് നാല് വർഷമായിട്ടും ഞങ്ങൾക്ക് മക്കളില്ലായിരുന്നു. നിരവധി ചികിത്സകൾ ചെയ്തു. IVF ചികിത്സയും പരാജയപ്പെട്ടതോടുകൂടി ഞങ്ങളാകെ നിരാശയിലായിരുന്നു. അങ്ങനെയിരിക്കെയാണ് മുല്ലക്കസാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കുവാനിട വന്നത്. സാർ പറഞ്ഞു, കർത്താവ് നിന്റെ വന്ധ്യത മാറ്റിയിരിക്കുന്നു; അവിടുന്ന് ആദ്യം നിനക്ക് ഒരു കുഞ്ഞിനെ തരും. ആ കുഞ്ഞിന് ഒരു വയസ്സായിക്കഴിഞ്ഞ് സാക്ഷ്യം പറയുമ്പോൾ അടുത്ത കുഞ്ഞിനെയും ലഭിക്കുമെന്ന്. സാർ പരിശുദ്ധാത്മാവിനാൽ പ്രവചിച്ചതുപോലെ തന്നെ കർത്താവ് എന്റെ ജീവിതത്തിൽ അത്ഭുതം ചെയ്തു. എനിക്കായി പ്രാർത്ഥിച്ച സാറിനെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.എന്നെ അനുഗ്രഹിച്ച കർത്താവിനെ ഞാൻ സ്തുതിക്കുന്നു.

**ജസ്ന**
**എറണാകുളം, പറവൂർ**
**Ph :8606817921**




പ്രസിദ്ധീകരിച്ച് കൂടുതൽ ജനസഹായത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രൊജക്ടുകൾ നടത്തിക്കുകയും മറ്റും ചെയ്യുന്നവർ, അത്തരം കാര്യങ്ങളെപ്പറ്റി ബൈബിളിൽ പുതിയനിയമം എന്തു പറയുന്നുവെന്ന് അന്വേഷിക്കുകയും, പരിശുദ്ധാത്മാവു നയിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്ത്, തിരുത്തേണ്ടിടത്ത് തിരുത്തുന്നില്ലെങ്കിൽ, അത്തരം സഭാജനത്തിന് എങ്ങനെ നിത്യത കൈവരും ? പ്രെയിസ് & വർഷിപ് ആളുകളുടെ ഹൃദയം തുറന്ന് മാനസാന്തരപ്പെടുവാനും കേൾക്കുന്ന വചനം ഹൃദയത്തിൽ സ്വീകരിക്കുവാൻ ഒരുങ്ങുവാനും, നല്ലതാണെങ്കിലും, അതേ സംഭവം തന്നെ ഡാൻസിംഗ് മെത്തേഡോടുകൂടിയാകുമ്പോൾ ദൈവം ആ ആരാധനാ രീതിയെ എങ്ങനെ കാണുമെന്ന് പുതിയനിയമം വച്ചന്വേഷിക്കണ്ടെ ? പുതിയനിയമത്തിലൊരിടത്തും ആരാധനാ നൃത്തം എന്ന ഉപദേശമില്ല. മേലെഴുതിയതും ആരാധനാ നൃത്തവുമൊക്കെ തികച്ചും വചനവിരുദ്ധവും പൈശാചികവുമാണ്. ജ്യോതിഷം നോക്കുന്നവരും കൈ നോക്കി ലക്ഷണം പറയുന്നതും, ജാതകവും വിവാഹപ്പൊരുത്തവുമൊക്കെ തികച്ചും വചനവിരുദ്ധവുമാണ്. കണിയും ശകുനവും പിറന്നാളാചാരങ്ങളും കട്ടിളവെയ്ക്കലിലെ വമ്പൻ സദ്യവട്ടങ്ങളുമൊക്കെ വചനവിരുദ്ധമാണ്. പിറന്നാളാഘോഷിക്കുമ്പോഴും, വെഡ്ഡിംഗ് ആനിവേഴ്സറി, ഡെത്ത് ആനിവേഴ്സറി, വീടിന് കല്ലിടീൽ, കട്ടിളവെയ്ക്കൽ, കുടികൂടൽ മുതലായവയും നടത്തുന്നെങ്കിൽ നടത്തുന്നതെന്തിന് ? 1. ദൈവത്തിന് നന്ദി പറയാൻ. 2. അയൽക്കാരുമായും ദൈവവുമായും നിലവിലുള്ള ബന്ധങ്ങളിലെ തെറ്റുകൾ തിരുത്തുവാൻ. 3. സ്വന്തം ആത്മീയ വിശുദ്ധീകരണത്തിന്. 4. ഹേരോദാവിന്റെ ജന്മദിനാഘോഷം (മത്താ.14:6, മർക്കോ.6:21) പോലെയാകാതെ, ലളിതമായ ഭക്ഷണപാനീയ ശുശ്രൂഷയും ശക്തമായ വചനശുശ്രൂഷയും പ്രാർത്ഥനാ ശുശ്രൂഷയും(പുതിയനിമത്തിൽ ഹേരോദാവിന്റെ ജന്മദിനം മാത്രമെ ജന്മദിനാഘോഷമായിട്ടുള്ളു) നടത്തുവാൻ. 5. വല്ലപ്പോഴും എത്തുന്നവരും കാണുന്നവരുമായ ബന്ധുക്കൾ മിത്രങ്ങൾ അയൽക്കാർ എന്നിവരുമായുള്ള നല്ല ബന്ധം നിലനിർത്താനും മറ്റും.

ഗൗളീശാസ്ത്രവും, കാക-ശ്വാന ചേഷ്ടകളും, കണി കണ്ടതും കാണുന്നതും, മുഹൂർത്തം നോട്ടവും, രാഹുകാലം നോട്ടവും, പ്രശ്നംവെയ്ക്കലും,



കുർബ്ബാനചൊല്ലലും, അച്ചനെ കേറ്റിഇറക്കലും ഒന്നും പുതിയനിയമ വ്യവസ്ഥക്ക് യോജിച്ചതല്ല. ആവർത്തനപുസ്തകം 18-ൽ 9 മുതൽ 14 വരെ വചനങ്ങളിൽ “നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടുത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവരെയെല്ലാം യഹോവയ്ക്ക് വെറുപ്പാകുന്നു. ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്ന് നീക്കിക്കളയുന്നു; നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നീ നിഷ്ക്കളങ്കനായിരിക്കേണം”.

നേരത്തെ പറഞ്ഞവയെല്ലാം ജാതികളുടെ സമ്പ്രദായങ്ങളാണ്. പലരുടെയും അറിവില്ലായ്മ അവരെ ഭയത്തിലേക്ക് കൊണ്ടുപോയി എത്തിക്കും. കൂടാതെ അയൽക്കാരും നാട്ടുകാരും ഓരോന്ന് പറയും. എഞ്ചിനീയർമാരും, മരപ്പണിക്കാരും, കല്ല് പണിക്കാരുമൊക്കെ അവരവരുടെ നാടൻ ശൈലികളിൽ പലതും ചെയ്യാൻ പ്രേരിപ്പിക്കും. ബൈബിൾ ജ്ഞാനമില്ലായ്മ എന്ന അജ്ഞതയുള്ളവർ, പറയുന്നവരുടെ പല വാക്കുകൾക്കും വഴങ്ങിപ്പോകും. അങ്ങനെ വഴങ്ങി വഴങ്ങി, അച്ചന്മാർ, കന്യാസ്ത്രീകൾ, പാസ്റ്റർമാരിൽപെട്ടവരിലും ബ്രദറന്മാരിൽപെട്ടവരിലും ചിലർ പറയും, അതൊക്കെ സാരമില്ലാത്ത കാര്യങ്ങളാണ്, പള്ളി ചൊല്ലിയതു കേട്ടില്ലേ, രാഹുകാലത്താരാ കല്യാണം കെട്ടിക്കുന്നതും, മുഹൂർത്തം നോക്കാതെ ആരാ കട്ടിള വെയ്ക്കുന്നതും എന്നൊക്കെ. യിരമ്യാവ് 10-ൽ 3,4,5 വാക്യങ്ങളിലൂടെ ബൈബിൾ ഇങ്ങനെ പറയുന്നു: “ജാതികളുടെ ചട്ടങ്ങൾ മിഥ്യാമൂർത്തിയെ സംബന്ധിക്കുന്നു. അത് ഒരുവൻ കാട്ടിൽ നിന്ന് വെട്ടിക്കൊണ്ടു വന്ന മരവും ആശാരി ഉളികൊണ്ട് ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നുംകൊണ്ട് അലങ്കരിക്കുന്നു. അത് ഇളകാതെയിരിക്കേണ്ടതിന് അവർ അതിനെ ആണിയും ചുറ്റികയും കൊണ്ട് ഉറപ്പിക്കുന്നു. അവ വെള്ളരിതോട്ടത്തിലെ തൂണു പോലെ ആകുന്നു. അവ




സംസാരിക്കുന്നില്ല. അവയ്ക്ക് നടപ്പാൻ വയ്യാത്തതുകൊണ്ട് അവയെ ചുമന്നുകൊണ്ടു പോകേണം. അവയെ ഭയപ്പെടരുത്. ഒരു ദോഷവും ചെയ്വാൻ അവയ്ക്ക് കഴിയുകയില്ല. ഗുണം ചെയ്യാനും അവയ്ക്ക് പ്രാപ്തി ഇല്ല”. കത്തോലിക്കരുടെയായാലും ഹൈന്ദവരുടെയായാലും യാക്കോബൈറ്റ്-ഓർത്തഡോക്സുകാരുടെയായാലും ചിത്രങ്ങൾക്കോ ബിംബങ്ങൾക്കോ പൂജകൾക്കോ മൈക്കിലൂടെയുള്ള ആരാധനാ ശബ്ദകോലാഹലങ്ങൾക്കോ ഒന്നിനും നമ്മെ ആരെയും ഒരു ദോഷം വരുത്തുവാനോ ഗുണം വരുത്തുവാനോ കഴിയുകയില്ല. യിരമ്യാവ് 10-ലെ വചനങ്ങളാണ് ശരിക്കുള്ള അറിവ്. ഭയപ്പെട്ടിട്ടോ സംശയിച്ചിട്ടോ അവയെയോ ആ മിഥ്യാസങ്കല്പങ്ങളെയോ അനുസരിച്ച് കർമ്മങ്ങൾ ചെയ്യുന്നത് ഭോഷ്ക്കാണ്.

**വാസ്തുശാസ്ത്രവും പാല്കാച്ചലും**

വാസ്തുശാസ്ത്രവും ഭാരതം ലോകത്തിനു നൽകിയ ഒരു തനതായ ആചാരസംഭവമാണ്. വാസ്തു എന്നതിന് വാസയോഗ്യമായത് എന്നാണർത്ഥം. വാസയോഗ്യമായ ഭൂമിയെന്നും അർത്ഥം. വാസ്തുവിദ്യ എന്നു പറയുന്നത് ഭൂമിയുടെ കിടപ്പും കാറ്റിന്റെയും വെള്ളത്തിന്റെയും ലഭ്യതയും, കാലാവസ്ഥയനുസരിച്ചും, ഒക്കെ ഗൃഹനിർമ്മാണം നടത്തുന്നതിനുള്ള ചില നിർദ്ദേശങ്ങളാണ്. വാസ്തുശാസ്ത്രത്തിന് തച്ചുശാസ്ത്രം എന്നും അർത്ഥം. ആശാരിയെ പണ്ട് തക്ഷകൻ എന്നാണ് വിളിച്ചിരുന്നത്. തക്ഷകനാണ് തച്ചനായത്. തച്ചന്റെ ശാസ്ത്രമാണ് തച്ചുശാസ്ത്രം.

ഹൈന്ദവസംസ്ക്കാരമനുസരിച്ച് വാസ്തു എന്നു പേരുള്ള ഒരു അസുരൻ ഉണ്ടായിരുന്നു. ബ്രഹ്മാവിൽ നിന്നും വരം വാങ്ങിയ വാസ്തു പലരെയും ആ വരബലത്താൽ ഉപദ്രവിച്ചിരുന്നു. ഉപദ്രവിക്കപ്പെട്ടവരോട് ബ്രഹ്മാവ് അയാളെ ഭൂമിയിലേക്ക് തള്ളിയിട്ടോളിൻ എന്നു പറഞ്ഞു. തള്ളിയിട്ടു. ഭൂമിയിൽ വീണ് പരാക്രമം കാട്ടുന്നതിനിയിൽ കാല് തെക്ക്പടിഞ്ഞാറും (‘നിരൃതികോൺ’) തല

വടക്ക്കിഴക്കും ('ഈശാനകോൺ') വരുന്ന സന്ദർഭങ്ങളിൽ ദേവന്മാർ വാസ്തുവിന്റെ ഓരോ അവയവങ്ങളിലും കയറിയിരിക്കുന്നതോടെ അവൻ പരാജയപ്പെടും എന്നും ബ്രഹ്മാവ് വിധിച്ചു.

കല്ലിടീലും കട്ടിള വെയ്പും ഗൃഹപ്രവേശവും പോലെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് വാസ്തു നീ ആയിരിക്കും ആരാധനാമൂർത്തി എന്ന് ബ്രഹ്മാവ് അയാളെ അനുഗ്രഹിച്ചു. അത് പിന്നീട് അദ്ദേഹത്തെ ആരാധിക്കാത്തവരുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് വിഘ്നമുണ്ടാകും എന്ന അന്ധവിശ്വാസമായി. വാസ്തു പുരുഷന്റെ ദേഹത്തു കയറിയിരിക്കുന്ന 53 ദേവന്മാരെയും ആരാധിച്ചില്ലെങ്കിൽ കുഴപ്പമാണെന്നും ധാരണ പരന്നു. വീടു പണിയുമ്പോൾ വാസ്തുപുരുഷന്റെ ദേഹത്തിന് കേടുപറ്റാതെ സ്ഥാനം കാണലും മുറിപണിയലും കട്ടിളവെയ്ക്കലും ഒക്കെ വേണമെന്നതാണ് തുടർന്നുള്ള അന്ധവിശ്വാസങ്ങൾ. ശുക്രാചര്യരോട് ബന്ധപ്പെട്ട് മറ്റൊരു പുരാണകഥയും ഉണ്ട്. ഇതെല്ലാം എഴുത്തുകാരുടെ ഭാവന മാത്രം. വാസ്തുശാസ്ത്രമനുസരിച്ചാണ് കല്ലിടീൽ അഥവാ ശിലാസ്ഥാപനവും കട്ടിളവെയ്ക്കലും പാല് കാച്ചലുമൊക്കെ. ഈ ഹൈന്ദവാചാരമനുസരിച്ച് ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഒക്കെ അത് ശരിയാണെന്ന അജ്ഞതകൊണ്ട് അത്തരം ആചാരാനുഷ്ഠാനങ്ങൾ ഉണ്ടാക്കുന്നു. ഭൂമിദേവിയുടെ ജനനേന്ദ്രിയത്തിലേക്ക് വാസ്തുപുരുഷന്റെ രേതസ്സ് പ്രവേശിക്കലാണ് ശിലാന്യാസംകൊണ്ട് വാസ്തുശാസ്ത്രം വിഭാവനം ചെയ്യുന്നത്! കട്ടിള ഘടിപ്പിക്കുമ്പോൾ നടുകുഴിച്ച് നാണയമോ പഞ്ചലോഹമോ സ്വർണ്ണക്കല്ലോ അവിടെ നിക്ഷേപിക്കണമെന്നാണ് പഴമക്കാർ പറയുന്നത്. ശില്പികൾക്ക് ദക്ഷിണ നൽകി ഗൃഹനാഥൻ വലതുകാൽ വെച്ച് ഗണപതിഹോമവും ചെയ്ത് പാൽകാച്ചി ഒക്കെ വേണം ഗൃഹപ്രവശം എന്നാണൊരു വെപ്പ്. പാൽ കാച്ചി കവിഞ്ഞൊഴുകുമ്പോൾ ഉണക്കലരി അതിൽ കഴുകിയിട്ട് പായസംകൂടി വെച്ച് വിഷ്ണുവിനെയും ലക്ഷ്മിയെയും ഭൂമിദേവിയെയും പൂജിച്ചാൽ ഗൃഹപ്രവേശം ഗംഭീരമായി എന്നാണ് ആചാരരീതി.


പാല് കാച്ചലിന്റെ ആചാരരീതി എഴുതാം. മനുഷ്യജീവിതത്തിലെ ഒന്നാംഘട്ടം ജനനം മുതൽ വിദ്യാഭ്യാസ കാലം വരെ. ഇതാണ് ബ്രഹ്മചര്യം. കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതു മുതൽ




ഗാർഹസ്ഥ്യം. ഏകദേശം 60-ാം വയസ്സിൽ പ്രാർത്ഥനാജീവിതത്തിനായി (വനമാകാം) മാറുന്നത് വാനപ്രസ്ഥം. സന്യസിക്കുന്ന അവസ്ഥയാണ് സന്യാസം. സ്വന്ത ഭവനത്തിൽ നിന്നാണ് 4 അവസ്ഥകളും ആരംഭിക്കുന്നത്. പാലിനും നാല് അവസ്ഥകളാണുള്ളത്.

ബ്രഹ്മചാരി ആയിരിക്കുമ്പോൾ (1) നെയ്യ് ആവശ്യമാണ് (ഹോമകർമ്മങ്ങൾക്ക്). കൂടാതെ പാൽ കുഞ്ഞുങ്ങൾ കുടിക്കുമല്ലോ. ഗാർഹസ്ഥ്യാശ്രമത്തിലും (2) പാല് കുട്ടികൾക്കും മുതിർന്നവർക്കുമായി ഉപയോഗിക്കുന്നു. (3) തൈര് കടഞ്ഞ് വെണ്ണയുണ്ടാക്കുന്നതുപോലെയാണ് വാനപ്രസ്ഥം. ഈ ലോക സംഭവങ്ങളിൽ നിന്നും വെണ്ണപോലെ ജ്ഞാനത്തെ സമാർജ്ജിക്കുന്നു. സന്യാസിയെന്നു പറയുമ്പോൾ വിഷ്ണുവിന് തുല്യമാണെന്നു സങ്കല്പം. 1. ശുദ്ധമായ പാൽ 2. നെയ്യ് 3. തൈര് 4. വെണ്ണ. പാല് അടുപ്പിൽവെച്ച് ചൂടാക്കി തിളപ്പിച്ച് സംസ്ക്കരിച്ചെടുക്കുമ്പോൾ പാലിൽ നിന്നും നെയ്യും (ബ്രഹ്മചര്യം) തൈര് (ഗാരഹസ്ഥ്യം) വെണ്ണ (വാനപ്രസ്ഥം) ഇവ മൂന്നും ഉരുത്തിരിയുന്നു. ഏത് അഗ്നിയാണോ പാലിനെ നെയ്യാക്കി മാറ്റുന്നത് ആ അഗ്നിയിൽ പിന്നീട് നെയ്യ് വിലയം പ്രാപിക്കുന്നു. ഇതുപോലെ ആത്മാവ് പരമാത്മാവിൽ ലയിക്കുന്നു എന്നും വിശ്വാസം. ഈ ആചാരം ജീവിതത്തിന്റെ സമസ്ത ഐശ്വര്യങ്ങളെയും കൊണ്ടുവരുവാൻ പാല്കാച്ചൽ ഗൃഹപ്രവേശത്തിന് വേണം എന്നതാണാചാരം. ഇത് പരദൈവസങ്കല്പ ആചാരമാണ്. പണവും സ്വർണ്ണവും കട്ടിളക്കീഴിൽ വെക്കുന്നതുൾപ്പെടെ - ഇവയെല്ലാം ജാതീയാചാരമാണ്. നാം സത്യദൈവത്തിലാണെങ്കിൽ നമുക്ക് രണ്ട് ശീലങ്ങളേ ഉള്ളു. 1. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുകയും അവിടുത്തെ വചനത്തെ ധ്യാനിക്കുകയും ചെയ്യുക. 2. എല്ലാവരേയും വിശുദ്ധമായി സ്നേഹിക്കുക.

**പഴയനിയമ ന്യായപ്രമാണവും ക്രിസ്തുവിന്റെ പുതിയനിയമ ന്യായപ്രമാണവും**




പഴയനിയമ ന്യായപ്രമാണം എന്നു പറയുന്നത് ഒരു യഹൂദന്റെ വ്യക്തിപരവും, സാമൂഹികവും, ആത്മീയവുമായ സമസ്ത തലങ്ങളെയും സ്പർശിക്കുന്നവയാണ്. പഴയനിയമഗ്രന്ഥങ്ങളിൽ അവ അനുസരിക്കുന്നവർക്ക് ലഭിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളെപ്പറ്റിയും ലംഘിക്കുന്നവർക്ക് ലഭിക്കുന്ന ശിക്ഷകളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. 613 ന്യായപ്രമാണങ്ങളിൽ നീ അത് ചെയ്യണം എന്ന അർത്ഥത്തിൽ 248. ബാക്കി 365 ചെയ്യരുത് എന്ന അർത്ഥത്തിൽ. ചെയ്യണമെന്ന വിഭാഗം ചെയ്താൽ അനുഗ്രഹം. ഇല്ലെങ്കിൽ നിഗ്രഹം.

ഇനി പറയുവാനുള്ളത് പുതിയനിയമസഭക്ക് ചെയ്യുവാനുള്ള കാര്യങ്ങളാണ്. ഗലാ.6:2-ൽ "സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ **ക്രിസ്തുവിന്റെ ന്യായപ്രമാണം** നിവർത്തിപ്പിൻ"

പുതിയനിയമ ദർശനം എന്നത് നിഗ്രഹാനുഗ്രഹങ്ങളുടെ നാൾവഴിക്കുറിപ്പല്ല. കുറ്റവാളികളെ സൗമ്യതയോടെ യഥാസ്ഥാനപ്പെടുത്തിയാലും യഥാസ്ഥാനപ്പെടുത്തുന്നവനും പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിക്കുകയും ചെയ്യണം എന്ന വിധത്തിലാണ്. തമ്മിൽത്തമ്മിൽ ഭാരങ്ങളെ ചുമക്കണം. അതായത് ആത്മാവിന്റെ ഫലങ്ങളായ സ്നേഹം. സന്തോഷം, സമാധാനം, ദീർഘക്ഷമ, ജിതേന്ദ്രിയത്വം (ഗലാ.5:23) മുതലായവയ്ക്കാണ് പുതിയനിയമത്തിൽ സ്ഥാനം. ഈ സംഭവത്തെയാണ് ആത്മാവിനെ അനുസരിച്ച് നടക്കൽ എന്നു പറയുന്നത് (ഗലാ.5:16).

പുതിയനിയമത്തിൽ സകലതും ആത്മാവിനെ അനുസരിച്ചാണ്. ആരാധനയും അങ്ങനെ തന്നെ. യോഹ.4:24 "ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം." പഴയനിയമബലിയർപ്പണങ്ങൾ പോലെ ഏതെങ്കിലും സാധനങ്ങളോ, ജീവജാലങ്ങളെ ഉയർത്തിപ്പിടിച്ചോ അവയുടെ ഇറച്ചിയും രക്തവും ഉപയോഗിച്ചുകൊണ്ടുള്ളതോ അല്ല പുതിയനിയമ ആരാധന. ആത്മാവിലുള്ള ആരാധനയാണ്. 2 കൊരി.3:14 മുതൽ മനസ്സിരുത്തി വായിച്ചു പഠിച്ചാട്ടെ. "പഴയനിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലോ. അത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. മോശെയുടെ പുസ്തകം വായിക്കുമ്പോൾ മൂടുപടം ഇന്നയോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു. കർത്താവിങ്കലേക്ക് തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ്

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




എന്റെ പേര് ജയ ജീവൻ (30). വയനാട് ജില്ലയിൽ ബത്തേരി സഭയിലെ പാസ്റ്ററായ അഡ്വ. വാട്സൻ ഡാനിയേലിന്റെ മകളാണ് ഞാൻ. വിവാഹശേഷം ഭർത്താവിനോടൊപ്പം ഓസ്ട്രേലിയയിലാണ് താമസിക്കുന്നത്. ഞാൻ അവിടെ അലൻഡെയ്ൽ ക്രിസ്റ്റ്യൻകോളേജിലെ അദ്ധ്യാപികയാണ്. എനിക്ക് കർത്താവ് തന്നവലിയൊരു അനുഗ്രഹത്തെക്കുറിച്ചാണ് ഇവിടെ പ്രിയ ആത്മാഭിഷേകം വായനക്കാരോട് പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നത്. ഞാൻ ഗർഭിണി ആയി 5 മാസം കഴിഞ്ഞപ്പോൾ ചിക്കൻപോക്സ് വന്നു. രോഗം വളരെയധികമായി മൂർച്ഛിച്ചു. അതെത്തുടർന്ന് ഇടയ്ക്കൊക്കെ രക്തം ഛർദ്ദിക്കുമായിരുന്നു. പിന്നീട് വീണ്ടും 8-ാം മാസം ഞാൻ കോളേജിൽ ആയിരിക്കുന്ന സമയം ഒരു ദിവസം പെട്ടെന്ന് BP കൂടുകയും ദേഹം മുഴുവൻ നീര് വെയ്ക്കുകയും കോളേജിലെ സഹപ്രവർത്തകർ തന്നെ എന്നെ ഹോസ്പിറ്റലിൽ അഡ്മിറ്റാക്കുകയും ചെയ്തു. ദൈവാനുഗ്രഹമെന്നു പറയട്ടെ, എന്റെ മാതാപിതാക്കൾ വിസിറ്റിംഗ് വിസയിൽ എത്തിയതേ ഉണ്ടായിരുന്നുള്ളു. സ്ഥിതി വളരെ സീരിയസ്സാണെന്നും ഉടൻ ഓപ്പറേഷൻ ചെയ്ത് കുഞ്ഞിനെ എടുത്തില്ലെങ്കിൽ അമ്മയുടെയും കുഞ്ഞിന്റെയുംജീവൻ അപകടത്തിലാകാൻ സാധ്യതയുണ്ടെന്നും പറഞ്ഞതിനെ തുടർന്ന് സിസ്സേറിയൻചെയ്തു. അങ്ങനെ ആശ്വാസത്തിലിരിക്കുമ്പോഴാണ് രക്തം ഛർദ്ദിക്കുന്നതിനേക്കുറിച്ചുള്ള പരിശോധനയ്ക്കായി വിദഗ്ധ ഡോക്ടർമാരുടെ സംഘം എന്നെ പരിശോധിച്ചത്. പരിശോധനയിൽ അന്നനാളത്തിൽ ഒരു ട്യൂമർ ഉണ്ടെന്നും അത് ക്യാൻസർ ആണെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ ആകെ വിഷമത്തിലായി. എന്റെ മാതാപിതാക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സാറിനെ വിളിച്ച് പ്രാർത്ഥിപ്പിച്ചപ്പോൾ സാർ പറഞ്ഞു ഒന്നും ഭയപ്പെടേണ്ട, കർത്താവ് ക്യാൻസറിനെ ക്യാൻസൽ ചെയ്തിരിക്കുന്നു. തുടർന്നു നടത്തിയ വിദഗ്ധ പരിശോധനയിൽ എനിക്കു ക്യാൻസറില്ല എന്ന് കണ്ടെത്തി. ഡോക്ടർമാർ ആശയകുഴപ്പത്തിലായി. വളരെയധികം ടെസ്റ്റുകൾ വീണ്ടും വീണ്ടും ചെയ്തു. അവസാനം അതേ വിദഗ്ധ സംഘം ക്യാൻസറില്ല എന്ന് റിപ്പോർട്ട് തന്നു.

അതെ, എന്റെ യേശു എനിക്കായി വലിയൊരത്ഭുതം ചെയ്തുവെന്ന് എനിക്കു മനസ്സിലായി. എനിക്കു വേണ്ടി പ്രാർത്ഥിച്ച സാറിന് കർത്താവ് ഇനിയുമിനിയും ധാരാളം പേരെ ഈ സത്യദൈവത്തിലേയ്ക്കടുപ്പിക്കാൻ വേണ്ട എല്ലാവിധ അനുഗ്രഹങ്ങളും കൊടുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എന്നെ ഇത്രമാത്രം അനുഗ്രഹിച്ച കർത്താവിനെഎത്ര സ്തുതിച്ചാലും മതിയാവുകയില്ല. യേശുവിന് ഒരായിരം നന്ദിയും......സ്തുതിയും.......ആരാധനയും.

**ജയ ജീവൻ.**
**ഓസ്ട്രേലിയ**
**Ph :9446952562**






ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു"(2 കൊരി.3:14-18).

നാം യേശുക്രിസ്തുവിലേക്ക് തിരിയണം. അഥവാ പുതിയനിയമ പഠനത്തിന്റെ പ്രാമാണ്യം തിരിച്ചറിയണം. പഴയനിയമത്തിലുടനീളവും കർത്താവിനെപ്പറ്റിയുള്ള പ്രവചനങ്ങൾ ധാരാളമാണ്. അവ പഠിക്കുമ്പോൾ കർത്താവിലേക്കാണ് അടുക്കുന്നത്. അവയെല്ലാം കൃത്യമായും ശരിയാണെന്ന് കർത്താവ് തന്നെ ഇതാ പറയുന്നു : "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിക്കുവാനാണ് വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല".

എന്താണ് കർത്താവ് ഉദ്ദേശിക്കുന്നത് ? ആചാരപരമായ നിയമങ്ങൾ ന്യായപ്രമാണത്തിലുണ്ട്. (ലേവ്യാ പുസ്തകം 1 മുതൽ അദ്ധ്യായങ്ങൾ) ആചാരപരമായവ എല്ലാം യേശുക്രിസ്തുവിലേക്കുള്ള ചൂണ്ടുപലകകളാണ്. ഞാൻ ശബ്ബത്തിനും കർത്താവാണെന്ന് പറഞ്ഞുകൊണ്ട് കർത്താവ് ആചാരങ്ങളെ തടയുന്നു. മറ്റൊന്ന് ന്യായപ്രമാണവും കർത്താവ് നമുക്കുവേണ്ടി നിവർത്തിച്ചു. ഇനി നാം കർത്താവിനുമാത്രം അധീനരാണ്; ന്യായപ്രമാണത്തിനധീനരല്ല.

ആചാരനിയമങ്ങൾ കഴിഞ്ഞാൽ പിന്നുള്ളത് പെരുമാറ്റ നിയമങ്ങളാണ്. കൂട്ടുകാരന്റെ അതിർ നീക്കരുത് തുടങ്ങിയവ (ആവ.19:28 അദ്ധ്യായങ്ങൾ). സകലതും മറക്കുകയും പൊറുക്കുകയും ചെയ്യണമെന്ന് പുത്രനോട് പ്രാർത്ഥിക്കുമ്പോൾ നാം കർത്താവിലേക്കാണോടി എത്തേണ്ടത്. അടുത്ത നിയമങ്ങൾ 10 പ്രമാണങ്ങളാണ്. എന്നാൽ കർത്താവുദ്ദേശിക്കുന്ന പ്രമാണമെങ്ങിനെയുള്ളവയാണെന്ന് മത്താ.5-ലും 6-ലും 7-ലും പഠിപ്പിക്കപ്പെടുന്നു. 10 ന്യായപ്രമാണങ്ങളും നാം പാലിക്കണം. കർത്താവ് പറഞ്ഞതുകൂടി നാം നിറവേറ്റണം. ഇവ എളുപ്പമല്ലാത്തപ്പോഴാണ് അവ അനുഷ്ഠിക്കാൻ നാം കർത്താവിന്റെ കൃപയിൽ നിറയണമെന്ന് പുതിയനിയമത്തിലൂടെ ബൈബിൾ പഠിപ്പിക്കുന്നത്. കർത്താവിന്റെ ന്യായപ്രമാണത്തിൽ (ഗലാ.6:2) യാഗമർപ്പിക്കുന്നതിനുമുമ്പ് നിരപ്പ് പ്രാപിക്കണം (മത്താ.5:23,24) നിസ്സാരനെന്നോ മൂഢനെന്നോ ആരെയും പുച്ഛിക്കുവാൻ പാടില്ല (മത്താ.5:22). കൊലയ്ക്ക് കാരണമായ കോപം കൊലപാതകതുല്യമാണ് (മത്താ.5:21).

റോമ.15:1,2 ''എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയവർദ്ധനയ്ക്കായിട്ട് പ്രസാദിപ്പിക്കണം". 1 കൊരി.9-ൽ 19-22 വാക്യങ്ങൾ എഴുതാം. എന്തിനാണിവയെല്ലാം എഴുതുന്നത് പുതിയനിയമം പഠിപ്പിക്കുന്ന ന്യായപ്രമാണമേവ എന്നത് തിരിച്ചറിയാൻകൂടിയാണ്. 19-"ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികം പേരെ നേടേണ്ടതിന് ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി. 22-ബലഹീനന്മാരെ നേടേണ്ടതിന് ഞാൻ ബലഹീനന്മാർക്ക് ബലഹീനനായി. ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാം ആയിത്തീർന്നു".




യേശു എന്തെല്ലാം ചെയ്തുവോ, അപ്പൊസ്തലന്മാരിലൂടെ എന്തെല്ലാം ആവർത്തിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്തുവോ ആദിമസഭ പരിശുദ്ധാത്മാവിൽ നിറഞ്ഞ് എന്തൊക്കെ വചനാധിഷ്ഠിതമായി പ്രാർത്ഥിച്ചും പ്രവർത്തിച്ചും പോന്നുവോ അവയെല്ലാം ദേശകാലസാഹചര്യ വ്യത്യാസമില്ലാതെ ദൈവസഭകളായ ക്രൈസ്തവസഭകൾ പാലിക്കേണ്ടതുണ്ട്. എന്തെല്ലാം പാലിക്കേണമെന്ന് പറയുമ്പോൾ എന്തൊക്കെ പാലിക്കേണ്ടതില്ലെന്ന് മനസ്സിലാകാതിരിക്കില്ലല്ലോ.

1 കൊരി. 9:21-ൽ ''ദൈവത്തിന് ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന് ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണമില്ലാത്തവർക്ക് ന്യായപ്രമാണം ഇല്ലാത്തവനേപ്പോലെ ആയി". (To those who are with-out law as without law (not being without law to word God, but under law towar Christ) that I might win those who are without law) NKJV 1 cor.9:21. 1 കൊരി. 7:22 കുറിക്കാം. "ദാസനായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രനാകുന്നു. അങ്ങെതന്നെ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസനുമാകുന്നു". (For who is called in the Lord while a slave is the Lord's freedman. Likewise he who is called while free is Christ's slave (1 cor.7:22).

അതായത്, ഒരു വിശ്വാസിയായ ക്രിസ്ത്യാനി ക്രിസ്തുവിന്റെ ദാസനും ക്രിസ്തുവിന്റെ ആത്മാവിൽ നിറഞ്ഞ് പുതിയനിയമമനുസരിച്ച് മാനസാന്തരത്തിന്റെയും വീണ്ടുംജനനത്തിന്റെയും ആത്മമണ്ഡലങ്ങളിലൂടെ സഞ്ചരിച്ച് ക്രൂശിതമരണത്തോളം അനുസരണം കാട്ടിയ (ഫിലി.2:6-9) ക്രിസ്തുവിന്റെ ശിഷ്യത്വമുള്ള ദാസനുമായി ജീവിക്കുമ്പോൾ ആണ്, ജീവിക്കുമ്പോൾ മാത്രമാണ് നിത്യത ലഭിക്കുക.

എഫേസ്യലേഖനം 4:15 - "അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും".

ഏതാണീ തെറ്റിച്ചു കളയുന്ന തന്ത്രങ്ങൾ ? ബൈബിളിലെ ആദ്യത്തെ 39 പുസ്തകങ്ങളിലെ തിരുവെഴുത്തുകളിൽ പഠനവും പഠനാനന്തരപഠനവും നടത്തി എഴുതിയും പ്രസംഗിച്ചും പാടിയും ആരാധന നടത്തിയും ദൈവജനത്തെ യഹോവയെ ഭയക്കുന്നവരും സങ്കീർത്തനങ്ങൾ, ജോബ് (യിയ്യോബ്) എന്ന് തുടങ്ങിയ ഗ്രന്ഥങ്ങളുൾപ്പെടെ പഴയനിയമചിന്തകളുടെ ഭക്തിയിൽ എത്തിക്കുക.

അക്കൂടെ സ്നാനവും കർതൃമേശയും നടത്തുകയും യേശുവിന്റെ രക്തത്താൽ ജയം എന്ന് പ്രാർത്ഥിക്കുകയും പ്രസംഗത്തിലും എഴുത്തിലും അവിടവിടെയായിയേശുവിന്റെ കാൽവരിമരണമുൾപ്പെടെയുള്ള ചില കാര്യങ്ങൾ ഉയർത്തുകയും ചെയ്യും. ഒരിക്കലും ക്രിസ്തുവിന്റെ സമ്മുന്നതങ്ങളായ ഉപദേശങ്ങൾ മത്തായി 5,6,7 അദ്ധ്യായങ്ങളോ യോഹന്നാൻ 14 മുതൽ 18 വരെ അദ്ധ്യായങ്ങളോ വിശദമായി ഉപദേശരൂപേണ പഠിപ്പിക്കാതിരിക്കും. ഇത്തരംആളുകളുടെ മൂടുപടം ഇന്നും മാറാതെ കിടക്കുന്നു. അവർ "തുളസി, ചതകുപ്പ, ജീരകം ഇവയിൽ ദശാംശം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളയുകയും ചെയ്യുന്നവരുടെ" (മത്താ.23:23) പട്ടികയിൽ പെടുന്നു.

(തുടരും)




## പാസ്റ്റർ വിഷപ്പാമ്പുമായി ചർച്ചിൽ :

മർക്കോസ് 16:18 ആസ്പദമാക്കി പ്രസംഗം: ഒടുവിൽ പാമ്പുകടിയേറ്റു മരിച്ചു.

കെന്റക്കി : ബൈബിൾ വാക്യത്തെ തെറ്റായി വ്യാഖ്യാനിച്ച് വിഷപ്പാമ്പിനെ ചർച്ചിൽ കൊണ്ടുവന്നു പ്രസംഗിച്ച പെന്തക്കോസ്തു പാസ്റ്റർക്ക് ദാരുണാന്ത്യം.

കെന്റക്കിയിൽ കെൽകൌണ്ടിയിലെ ജെൻസണൽ മോഡ്തി സിംപ്ലൺ പെന്തക്കോസ്തൽ ചർച്ചിലാണ് ജൂലൈ 26ഞായറാഴ്ച ദാരുണസംഭവമുണ്ടായത്. ജോൺ ഡേവിഡ് ബ്രോക്ക് (60) എന്ന പാസ്റ്റർ സഭാ ആരാധനയോടനുബന്ധിച്ച് നടത്തിയ് തന്റെ പ്രസംഗത്തിൽ മർക്കോസ് 16:18 ''സർപ്പങ്ങളെ പിടിച്ചെടുക്കും മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല" എന്ന വാക്യത്തെ ആസ്പദമാക്കി താൻ കൊണ്ടുവന്ന ഒര വിഷപ്പാമ്പിനെ കൈയ്യിൽ പിടിച്ചുകൊണ്ടു പ്രസംഗിച്ചു.

ഇതിനിടയ്ക്കു പാസ്റ്റർക്ക് ഇടതുകയ്യിൽ പാമ്പിന്റെകടിയേൽക്കുകയുണ്ടായി. മറ്റുള്ളവർ ആശുപത്രിയിൽ പോകുവാൻ നിർബ്ബന്ധിച്ചപ്പോൾ പാസ്റ്റർഅത് നിരസിക്കുകയാണുണ്ടായത്. സഭായോഗത്തിനുശേഷം പാസ്റ്റർ ബ്രോക്ക് തന്റെ സഹോദരന്റെ വീട്ടിലേയ്ക്കു പോയി. പിന്നീട് 4 മണിക്കൂറിനുശേഷം അന്ത്യം സംഭവിക്കുകയാണുണ്ടായത്.

ദൈവത്തെ പരീക്ഷിക്കരുതെന്നു ബൈബിൾ പറയുന്നുണ്ട്. ദൈവം ശപിച്ച പാമ്പിനെ മനുഷ്യർ കയ്യിലെടുത്ത് ഉപയോഗിച്ചാൽ അപകടമാണ്. ബ്രോക്ക് ചെയ്തതും നിയമവിരുദ്ധമാണ്. 1942–ൽ മതപരമായ ചടങ്ങുകൾക്ക് ഇഴജന്തുക്കളെ ഉപയോഗിക്കുന്നത് കുറ്റകരമാണെന്ന് സ്റ്റേറ്റിൽ നിയമം പാസ്സാക്കിയിരുന്നു.

www.desciplesnews.com


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | | |
|---|---|---|
| ജൂലൈ | 7 | പൊൻകുന്നം, സോണൽ മീറ്റിംഗ്. സ്വദേശ് റസിഡൻസി, Ph:9388608345, 9048222384 10 am-3 pm |
| ജൂലൈ | 8 | ആലപ്പുഴ. കൺവെൻഷൻ & സോണൽമീറ്റിംഗ്. YWCA Hall. Ph:9447116820. 10 am-3 pm |
| ജൂലൈ | 9 | തിരുവല്ല കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ. മഞ്ഞാടി Ph:9446745148 10 am-3 pm |
| ജൂലൈ | 10 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ Ph:9446718242 2.30 Pm-5.30 pm |
| ജൂലൈ | 11-16 | വിവിധ സഭാ ഭവനസന്ദർശനം |
| ജൂലൈ | 17 | കോഴിക്കോട് വ്യാപാരഭവൻ. കൺവെൻഷൻ. (കുരിശുപള്ളിക്ക് സമീപം) Ph:9961854203 10 am-3 pm |

## USA, CANADA & DUBAI Healing and Deliverance Meetings

| | | |
|---|---|---|
| ജൂലൈ 19- ആഗസ്റ്റ് 1 | | Dallas (TX.USA) Ph: 001 469 328 0618, 001 972 226 4140 Br.Raju sunny Vayal, Rocky point Court 75182. Dallas Pr.Praveen. Dallas 001 516 666 3840 |
| ആഗസ്റ്റ് | 2-8 | Chicago. cont.no: 001 630 279 4232, Evangelist: Babu & Elsy |
| ആഗസ്റ്റ് | 9-14 | Canada. cont.no: Pr.Dollet: 001 226 224 1417, 001 591 681 6607 |
| ആഗസ്റ്റ് | 15-18 | Newyork (USA) cont.no: 001 315 299 4057 (Varkey sir) |
| ആഗസ്റ്റ് | 18-26 | U.A.E (Dubai, Sharjah & Abu Dhabi) Pr. Jiji Antony, cont.no: **00971 503 631158** |
| ആഗസ്റ്റ് | 28 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. 10 am-3 pm Ph:9388487301, 9745971555, 9947217398 |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും **തിരുവല്ല** കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി. Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ **തിരുവനന്തപുരം,** പാറശ്ശാല കൺവെൻഷൻ Ph:9744569559, 9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും **കോഴിക്കോട്** കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203

ATHMABHISHEKAM MONTHLY
2016 JULY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th July 2016



# DEVASIA MULLAKARA SIR MINISTERING IN USA, CANADA, UAE

**DALLAS TEXAS USA**

2016 JULY 19 to AUGUST 1
BR.RAJU SUNNY, DALLAS
CONTACT: 001 469 328 0618
001 972- 226 4140
PR.PRAVEEN. DALLAS
001 516- 666 3840

**CHICAGO**

2016 AUGUST 2 to 8
CHICAGO
BABU & ELSY,
CONTACT: 001 630 279 4232

**CANADA**

2016 AUGUST 9 to 14
CANADA. CONTACT: PR.DOLLET
001 226 224 1417, 001 591 681 6607

**NEWYORK**

2016 AUGUST 15 to 18
NEWYORK (USA)
VARKEY SIR
CONTACT: 001 315 299 4057

**UAE (DUBAI SHARJAH & ABU DHABI)**

2016 AUGUST 19 to 26
UAE (DUBAI, SHARJAH & ABU DHABI)
DUBAI. PR.JIJI ANTONY
CONTACT: 00971 503 631158

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).